# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഓഗസ്റ്റ് 10 | ദീപം 56 | നാളം 23 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# ചോരയിലും കണ്ണീരിലും കുതിർന്ന് മണിപ്പൂർ

## മണിപ്പൂരിൽ പരിപൂർണ ഭരണത്തകർച്ചയെന്ന് പരമോന്നതകോടതി



തോമസ് കുഴിഞ്ഞാലിൽ

സ്വാതന്ത്ര്യാനന്തരഭാരതം എങ്ങനെ ആയിരിക്കണമെന്ന ചിന്തയിൽ രാഷ്ട്രപിതാവായ മഹാത്മ ഗാന്ധി താലോലിച്ചിരുന്ന ചില സ്വപ്നങ്ങളുണ്ടായിരുന്നു. അവയിൽ ഒന്ന്; 'ഒരു രാജാവിനും പണക്കാരനും കിട്ടുന്നത്ര ജീവിതസുഖങ്ങൾ എല്ലാവർക്കും ഒരേപോലെ നല്കുന്ന ഒരു രാജ്യമാണ് എന്റെ സ്വപ്നങ്ങളിലെ ഭാരതം.' രണ്ട്; 'ഒരു സ്ത്രീക്ക് ഏത് അർധരാത്രിയിലും നിർഭയം വഴിനടക്കാൻ കഴിയുന്ന ഒരു ഇന്ത്യയാണ് എന്റെ സ്വപ്നങ്ങളിലെ ഭാരതം.' അദ്ദേഹത്തിന്റെ രണ്ടു സ്വപ്നങ്ങളും അവമതിക്കപ്പെടുന്നുവെന്ന് ഇപ്പോൾ നാമറിയുന്നു.

വിഭജനകാലത്ത് അവിഭക്തബംഗാളിൽ ഹിന്ദുക്കളും മുസ്ലീംകളും തമ്മിലുണ്ടായ കലാപം കെട്ടടങ്ങാതെ വന്നപ്പോൾ കൊൽക്കൊത്തയ്ക്കടുത്തുള്ള നവ്ഖാലിയിലും സമീപഗ്രാമങ്ങളിലും നാലു മാസത്തോളം നഗ്നപാദനായി നടന്ന് സമാധാനത്തിനായി കേണപേക്ഷിച്ച മഹാത്മജിയുടെ മാതൃക സ്വീകരിക്കാൻ നേതാക്കൾ തയ്യാറായാൽ കലാപബാധിതമേഖലകളിൽ സമാധാനം പുനഃസ്ഥാപിക്കാൻ കഴിയും. തങ്ങളുടെ കൈവശമുള്ള മാരകായുധങ്ങൾ താഴെവയ്ക്കാത്തപക്ഷം താൻ മരണംവരെ ഉപവസിക്കാനും മടിക്കില്ലെന്ന മഹാത്മജിയുടെ ഉറച്ച തീരുമാനം രണ്ടു കൂട്ടരും ഒരേ മനസ്സോടെ സ്വീകരിച്ചതും, ആയുധങ്ങൾ മുഴുവൻ അദ്ദേഹത്തിന്റെ മുമ്പിൽ അടിയറവച്ചതും സ്വാതന്ത്ര്യസമരചരിത്രത്തിലെ ഏറ്റവും വലിയ സംഭവങ്ങളിലൊന്നായി എണ്ണപ്പെട്ടിട്ടുണ്ട്.

ഇക്കഴിഞ്ഞ മെയ് മാസം മൂന്നാം തീയതി തുടങ്ങിയ മണിപ്പൂരിലെ വംശീയകലാപം രാക്ഷസാകാരം പൂണ്ടു ക്രൂരതയുടെ എല്ലാ പരിധികളും അതിലംഘിച്ചിരിക്കുന്നു. രണ്ടു രാജ്യങ്ങൾ തമ്മിലുള്ള യുദ്ധത്തെക്കാൾ ഭീതിദമായ അവസ്ഥയാണിവിടെ സംജാതമായിരിക്കുന്നത്. യുദ്ധഭൂമിയിൽപ്പോലും നടക്കാത്തത്ര അതിക്രമങ്ങൾ അരങ്ങേറുന്നതായി വാർത്തകൾ വരുന്നു. മെയ്തെയ്കളുടെയും കുക്കി/സൂമി/നാഗാ വംശജരുടെയും ഇടയിൽവീണ വിദ്വേഷത്തിന്റെയും ഭിന്നതയുടെയും കനലുകൾ തീർത്താൽ തീരാത്ത പകയിലേക്കും നിഷ്ഠുരമായ ക്രൂരതകളിലേക്കും വഴിമാറുകയായിരുന്നു. സംവരണത്തിന്റെയും കുടിയേറ്റത്തിന്റെയും പേരിലുണ്ടായിരുന്ന അകൽച്ചയിൽ മതം ഒരു ഘടകമേ ആയിരുന്നില്ലെങ്കിലും മതവിദ്വേഷവും ഇപ്പോൾ മറനീക്കി പുറത്തുവന്നിരിക്കുന്നു. കലാപത്തിൽ ഭരണാധികാരികളിൽനിന്നുണ്ടായ മൗനം കൃത്യമായി ആസൂത്രണം ചെയ്ത വംശഹത്യയാണ് നടക്കുന്നതെന്നതിന്റെ തെളിവാണ്.

**വംശീയകലാപത്തിന്റെ നാൾവഴി**

മെയ് 3:ഹിന്ദുവംശജരായ മെയ്തെയ് വിഭാഗക്കാർക്ക് പട്ടികവർഗപദവി നല്കാൻ ശിപാർശ ചെയ്ത ഹൈക്കോടതിയുത്തരവിനെതിരേ തലസ്ഥാനമായ ഇംഫാലിൽ കുക്കി/സൂമി/നാഗാ ഗോത്രവർഗത്തിൽപ്പെട്ട വിദ്യാർഥികളുടെ പ്രതിഷേധറാലി. നഗരവീഥികളിൽ പലയിടങ്ങളിലും ഇരുവിഭാഗങ്ങളും തമ്മിൽ സംഘർഷം. ഏറ്റുമുട്ടലിലുണ്ടായ വെടിവയ്പിൽ തലയ്ക്കു പരിക്കേറ്റ കുക്കി വംശജനായ എട്ടു വയസ്സുകാരനെ അസം റൈഫിൾസിന്റെ അഭയകേന്ദ്രത്തിലെത്തിക്കുന്നു.

മെയ് 4: പരിക്കേറ്റ കുട്ടിയുമായി ക്യാമ്പിൽനിന്ന് ആശുപത്രിയിലേക്കു പോയ ആംബുലൻസ് വഴിയിൽ തടയുന്നു. ചുറ്റുംകൂടിയ ആൾക്കൂട്ടം ആംബുലൻസിൽ മണ്ണെണ്ണയൊഴിച്ചു തീ കൊളുത്തുന്നു-കുട്ടിയോടൊപ്പമുണ്ടായിരുന്ന മെയ്തെയ് വംശജയായ അമ്മയും വണ്ടിക്കുള്ളിൽ കത്തിയമർന്നു (അവളുടെ ഭർത്താവ് ഒരു കുക്കി ക്രൈസ്തവനായിരുന്നു.)

സംഘടിതരായി തെരുവിലിറങ്ങിയ മെയ്തെയ്കൾ പൊലീസ് സ്റ്റേഷനുകളും ആയുധപ്പുരകളും ആക്രമിച്ച് നാലായിരത്തോളം തോക്കുകളും അഞ്ചു ലക്ഷം വെടിയുണ്ടകളും കൈവശപ്പെടുത്തിയതായി വാർത്ത. സായുധരായി നീങ്ങിയ കലാപകാരികൾ ന്യൂനപക്ഷവിഭാഗങ്ങളുടെ വീടുകളും കടകളും വിദ്യാഭ്യാസസ്ഥാപനങ്ങളും ആതുരാലയങ്ങളും ആരാധനാലയങ്ങളും തിരഞ്ഞുപിടിച്ചു തകർക്കുകയും അഗ്നിക്കിരയാക്കുകയും ചെയ്യുന്നു.

മുഖ്യമന്ത്രി ബീരേൻ സിങ്ങിനെ സോഷ്യൽമീഡിയയിലൂടെ വിമർശിച്ചുവെന്ന കുറ്റംചുമത്തി അറസ്റ്റു ചെയ്ത ചുരാചന്ദ്പൂർ സ്വദേശിയായ ഹാങ്ങ്ലാൻ മുവാൻ വായ്ഫെയ് എന്ന ഇരുപത്തൊന്നുകാരനെ കോടതിയിൽനിന്നു പൊലീസ് ജീപ്പിൽ ജയിലിലേക്കു കൊണ്ടുപോകുംവഴി ജനക്കൂട്ടം ആക്രമിക്കുന്നു. നാലുവശത്തേക്കും ചിതറിയോടിയ പൊലീസുകാ



രുടെ ആയുധങ്ങൾ കൈക്കലാക്കിയ കലാപകാരികൾ വായ്ഫെയിയെ അടിച്ചുകൊല്ലുന്നു.

ഇംഫാൽ നഗരത്തിലെ ഒരു കാർ വാഷിങ് സെന്ററിലെ ജീവനക്കാരായ 21 ഉം 24 ഉം വയസ്സുള്ള രണ്ടു യുവതികളെ കാണാനില്ലെന്ന വാർത്ത പരക്കുന്നു. ക്രൂരമായ പീഡനത്തിനു വിധേയരായ രണ്ടുപേരും കൊല്ലപ്പെട്ടുവെന്നാണ് പിന്നീടു കേട്ടത്. (രണ്ടുപേരുടെയും മൃതദേഹങ്ങൾ സർക്കാർ ആശുപത്രിയിലെ മോർച്ചറിയിലെത്തിയിട്ട് മൂന്നു മാസം തികയുന്നു.)

ബിപൈനൃം എന്ന ഗോത്രവർഗഗ്രാമത്തിൽ അക്രമത്തിനിരയായ ഒരു പെൺകുട്ടിയെ രക്ഷിക്കാൻ മുന്നോട്ടുവന്ന വ്യക്തിയെ കൊലപ്പെടുത്തുന്നു.

ഇതേ ഗ്രാമത്തിലെ മൂന്നു സ്ത്രീകളെ നഗ്നരാക്കി അപമാനിച്ച് ഒരു കിലോമീറ്ററോളം നടത്തിയശേഷം രണ്ടുപേരെ കൂട്ടബലാത്സംഗം ചെയ്യുകയും ചെയ്യുന്നു. പീഡനത്തിരയായ ഒരു യുവതി അസം റൈഫിൾസിലെ മുൻ സുബൈദാറായിരുന്ന കാർഗിൽ സൈനികന്റെ ഭാര്യയാണ്. മൂന്നു യുവതികളിലെ ഏറ്റവും പ്രായം കുറഞ്ഞവളുടെ അച്ഛനും മകനും എതിർത്തുനിന്നെങ്കിലും അവരെ ജനക്കൂട്ടം കൊല്ലുന്നു.

ഇംഫാൽ നഗരഹൃദയത്തിലുള്ള സെന്റ്പോൾസ് ഇടവകദൈവാലയവും സമീപത്തുള്ള സെമിനാരിയും കൊള്ളയടിക്കുകയും പെട്രോളും ഗ്യാസ് സിലിണ്ടറുകളുമുപയോഗിച്ച് തീയിട്ടുനശിപ്പിക്കുകയും ചെയ്യുന്നു. ക്രൂശിതരൂപവും ചിത്രങ്ങളും സക്രാരിയും തകർത്ത് നിലത്തിട്ടു ചവിട്ടുകയും പെട്രോളൊഴിച്ച് കത്തിക്കുകയും ചെയ്യുന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽത്തന്നെ ഇരുന്നൂറിലധികം ആരാധനാലയങ്ങളും നിരവധി സ്ഥാപനങ്ങളും അഗ്നിക്കിരയായതായി ഇംഫാൽ അതിരൂപത വക്താവ് വെളിപ്പെടുത്തുന്നു. ഇക്കൂട്ടത്തിൽ 12 ഹൈന്ദവക്ഷേത്രങ്ങളുമുണ്ടെന്നും മാധ്യമറിപ്പോർട്ട്. വംശീയകലാപത്തിന്റെ ആദ്യ രണ്ടു ദിവസങ്ങളിലെ മരണസംഖ്യ ഔദ്യോഗികകണക്കുപ്രകാരം എഴുപതിലേറെ പേരാണ്. തുടർന്നുള്ള ദിവസങ്ങളിലെ പട്ടാള നടപടികളിൽ ഒട്ടേറെപ്പേർ മരിച്ചതായും വാർത്ത. അവശ്യവസ്തുക്കളുടെ വില കുത്തനെ ഉയർന്നതായി വാർത്ത പരക്കുന്നു. പെട്രോളിനും ഗ്യാസ് സിലിണ്ടറുകൾക്കും കടുത്ത ക്ഷാമം. ഒരു ലിറ്റർ പെട്രോളിന് 250 രൂപ വരെ വിലയുയർന്നു. രണ്ടാംദിവസം വൈകുന്നേരം നടന്ന ആക്രമണത്തിനു നേതൃത്വം നല്കിയ ആരംഭായി പ്രവർത്തകർ വസ്തുവകകൾ കൊള്ളയടിക്കുകയും കാട്ടിൽ ഒളിച്ചിരുന്ന എട്ടു സ്ത്രീകളെ കൂട്ടബലാത്സംഗത്തിനിരയാക്കുകയും ചെയ്തു. അരുതെന്നു കരഞ്ഞുവിളിച്ചപേക്ഷിച്ച രണ്ടുപേരെ ഇരുമ്പുവടി കൊണ്ട് തലയ്ക്കടിച്ചുകൊന്നു.

മേയ് 15: കറുത്തവേഷമണിഞ്ഞ നാല് ആരംഭായ് പ്രവർത്തകർ ചേർന്ന് 18 വയസ്സുകാരിയെ തട്ടിക്കൊണ്ടുപോയി ബലാത്സംഗം ചെയ്യുന്നു. (സംഭവത്തിനുശേഷം ഓട്ടോറിക്ഷയിൽ കയറി രക്ഷപ്പെട്ട പെൺകുട്ടി രണ്ടു മാസത്തിനുശേഷമാണ് പൊലീസ് സ്റ്റേഷനിലെത്തി പരാതിപ്പെടുന്നത്) 'മെയ്രാ പായ്ബിസ്' (വിളക്കേന്തിയ വനിതകൾ) എന്ന സംഘടനയിലെ ഒരുകൂട്ടം സ്ത്രീകളാണ് തന്നെ കലാപകാരികൾക്ക് ഏല്പിച്ചുകൊടുത്തതെന്നും അവൾ വെളിപ്പെടുത്തി.

▶6

# പാടിപ്പറക്കുന്ന ചിത്രപതംഗം



ഉാക്കാട്ടൂർ പൊന്നപ്പൻ

ചലച്ചിത്രഗാനാസ്വാദകരായ മലയാളികൾക്ക് എന്നും ശ്രുതിമധുരമായ നാമമാണ് ചിത്ര! ശ്രീതി ചിത്രയുടെ ഒരു ഗാനം, ഒരു ദിവസം എപ്പോഴെങ്കിലും എവിടുന്നെങ്കിലും എങ്ങനെയെങ്കിലും കേൾക്കാതെ ഒരു മലയാളി ഉറങ്ങാറുണ്ടോ? മലയാളത്തോടൊപ്പം തമിഴ്, തെലുങ്ക്, കന്നഡ ഭാഷകളിലായി ഇരുപത്തയ്യായിരത്തിൽപ്പരം ഗാനങ്ങൾക്കു ശബ്ദമേകിയ ചിത്ര ഇപ്പോൾ അറുപതിന്റെ നിറവിലാണ്. അവർ പാടിയ പാട്ടുകളിൽ ഒന്നുപോലും ശ്രദ്ധിക്കപ്പെടാതെ പോയിട്ടില്ല. ഓരോ പാട്ടും ഓരോ അനുഭവമായി മാറുകയാണ് ആസ്വാദകന്. അതുകൊണ്ടാണ്, ചിത്രയുടെ പ്രണയാതുരമായ ഗാനങ്ങളിൽ യൗവനം ആടിയുലയുന്നത്, ശോകഗാനങ്ങളിൽ കണ്ണുകൾ നിറയുന്നത്, ഭക്തിഗാനശ്രവണമാത്രയിൽ കൈകൾ കൂപ്പിപ്പോകുന്നത്.

സ്വരഭംഗികൊണ്ടും ആലാപനവശ്യതകൊണ്ടും വാനമ്പാടിയെന്ന വിശേഷണത്തിനപ്പുറത്തേക്കു പറന്നിറങ്ങിയ പക്ഷിയിലാണ് ചിത്ര! മഞ്ഞൾപ്രസാദമെന്ന ഒറ്റപ്പാട്ടുകൊണ്ടുതന്നെ മലയാളത്തിന്റെ പെൺസ്വരമായി മാറി അവർ. വിനയത്തിന്റെ രാഗപൗർണമിയായി വിളങ്ങിക്കൊണ്ട് അവർ ആലപിച്ച ഭാവാർദ്രമായ ഗാനങ്ങൾ ഓരോ മലയാളിയുടെയും തമിഴന്റെയും തെലുങ്കന്റെയും കന്നടക്കാരന്റെയും ജീവതാളമാണ്. അതിൽ തലമുറകളുടെ വ്യത്യാസമില്ല. കാലം കഴിയുന്തോറും ആ സ്വരത്തിനു മാധുര്യമേറുകയാണ്. പ്രായം അറുപതിലെത്തിയിട്ടും ആ മൃദുസ്വനം കോട്ടമില്ലാതെ ഒഴുകുന്നു. കുട്ടിത്തം മാറാത്ത, നുണക്കുഴി കാട്ടിയുള്ള ചിരിയോടെ ചിത്ര പാടുന്ന രംഗം ആർക്കാണു മറക്കാൻ കഴിയുക? മലയാളിയുടെ പ്രണയത്തിലും വിരഹത്തിലും ശോകത്തിലും ആഹ്ലാദത്തിലും എല്ലാം ആ സ്വരം കൂട്ടായി മാറി. പതിറ്റാണ്ടുകൾനീണ്ട സംഗീതജീവിതത്തിൽ ചിത്ര പാടിയ ഓരോ പാട്ടും നമ്മളോരോരുത്തരുടെയും പേഴ്സണൽ ഫേവററ്റുകളായി മാറി. ആറു ദേശീയപുരസ്കാരങ്ങളും 15 സംസ്ഥാനപുരസ്കാരങ്ങളും കൂടാതെ, ആന്ധ്രാ സർക്കാർ ഒൻപതു പ്രാവശ്യവും തമിഴ്നാട് നാലു പ്രാവശ്യവും കർണാടക മൂന്നു പ്രാവശ്യവും ഒറീസാ ഒരു പ്രാവശ്യവും മികച്ച ഗായികയ്ക്കുള്ള അംഗീകാരങ്ങൾ നല്കി. 2005 ൽ പത്മശ്രീ അവാർഡു നേടിയ ചിത്രയ്ക്ക് വിനയം ഒരു സ്ഥായീഭാവമാണ്. നിറഞ്ഞ ചിരി ഒരു മുദ്രയാക്കി മാറ്റാനും സാധിക്കുന്നു.

അറുപതു തികയുമ്പോൾ എന്തു തോന്നുന്നു എന്ന ചോദ്യത്തിന് സീനിയറായതിനാൽ സന്തോഷമെന്നും എവിടെച്ചെന്നാലും ഒരു സീറ്റു കിട്ടുമല്ലോ എന്നും തമാശ! അച്ഛൻ കൃഷ്ണൻനായർ, അമ്മ ശാന്തകുമാരി. ഇരുവരും ഇന്നില്ല. മൂത്ത ചേച്ചി കെ.എസ്. ബീനയും, ഇളയവൻ കെ.എസ്. മഹേഷും, ഭർത്താവ് വിജയശങ്കറും എന്നും തുണയായി കൂടെയുണ്ട്. കെ.എസ്. ബീന ഒരു നലംതികഞ്ഞ പാട്ടുകാരിതന്നെയാണ്. പക്ഷേ, വേദിയെ ഭയപ്പാടോടെ കണ്ടിരുന്ന ബീനയ്ക്ക് സംഗീതം ഒരു തൊഴിലായി സ്വീകരിക്കാൻ കഴിഞ്ഞില്ല.




നാലോ അഞ്ചോ സിനിമയ്ക്കു പാടിയശേഷം പടം മടക്കി.

നെയ്യാറ്റിൻകരയിൽ ഒരു ഗാനമേള കേൾക്കാൻ പോകുമ്പോഴാണ് യേശുദാസിനെ ആദ്യമായി കാണുന്നത്. അച്ഛൻ കൃഷ്ണൻ നായർക്ക് ദാസിനെ പരിചയമുണ്ടായിരുന്നു. കുട്ടിയുടുപ്പിട്ടു കൂടെ നില്ക്കുന്നതാരാണെന്ന് ദാസ് ചോദിച്ചു. സ്വന്തം മകളാണെന്നറിയിച്ചപ്പോൾ ബീനച്ചേച്ചിയെപ്പോലെ പാടണമെന്നുപറഞ്ഞ് തലയിൽ തലോടിയത് ചിത്ര ഓർമിക്കുന്നു. ചേച്ചിയുടെ ഒരു പാട്ടു റെക്കോഡു ചെയ്യുന്ന ദിവസം കൂടെ അനുജത്തിയും ചിത്രാഞ്ജലി സ്റ്റുഡിയോയിലേക്ക് ഒരു കൗതുകത്തിനു പോയി. അന്ന് റെക്കോഡു ചെയ്ത ഗ്രൂപ്പ്സോങ്ങിൽ ഒരു ഹമ്മിങ് പാടാൻ ചിത്രയ്ക്ക് അവസരം ലഭിച്ചു. അതാണ് ഏറ്റവും ആദ്യം റെക്കോഡു ചെയ്ത ശബ്ദം. പിന്നീട് എം.ജി. രാധാകൃഷ്ണന്റെ സംഗീതത്തിലുള്ള ഒരു പാട്ടിന്റെ ഗ്രൂപ്പിൽ പാടാൻ അവസരം കിട്ടിയെങ്കിലും ഗാനം പുറത്തുവന്നില്ല. 'അട്ടഹാസം' എന്ന സിനിമയ്ക്കുവേണ്ടി പാടിയ 'ചെല്ലം ചെല്ലം' എന്ന ഗാനമായിരുന്നു അത്.

സത്യൻ അന്തിക്കാടിന്റെ ഞാൻ ഏകനാണ് എന്ന പടത്തിൽ എം.ജി. രാധാകൃഷ്ണന്റെ സംഗീതത്തിലുള്ള 'രജനീ പറയൂ' പുറത്തുവന്നതോടുകൂടി ചിത്ര ചലച്ചിത്രഗാനരംഗം കീഴടക്കിക്കഴിഞ്ഞു. കോളജുപഠനത്തിന്റെ ഇക്കാലത്തുതന്നെ 'പ്രണയവസന്തം' എന്ന പാട്ടും ഇറങ്ങി. അതൊരു വലിയ സംഭവമായി; കൂട്ടുകാരുടെയിടയിൽ. ചിത്ര പാടിയ ആദ്യ അഞ്ചു സിനിമയ്ക്കും സംഗീതം നല്കിയത് എം.ജി. രാധാകൃഷ്ണനായിരുന്നു. ആറ്റുകാൽ അമ്പലത്തിൽ പാടാൻവന്ന യേശുദാസിന്റെ വേദിക്കടുത്തെത്തി തന്നെ എടുത്തുയർത്തി യേശുദാസിനെ കാട്ടിക്കൊടുത്ത, റേഡിയോനിലയത്തിൽ കുട്ടിക്കാലത്ത് ആദ്യമായി പാടാൻ എടുത്തുകൊണ്ടു പോയ, അങ്ങനെ തന്റെ ഭാവി കരുപ്പിടിപ്പിക്കാൻ മരണംവരെ എന്നും കൂട്ടുനിന്ന 'രാധാകൃഷ്ണൻചേട്ടനെ' ഇന്നും അവർ നന്ദിയോടെ ഓർമിക്കുന്നു.

ഇളയരാജാ സാർ പാടാൻ വിളിക്കുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചതല്ല. സിന്ധുഭൈരവി എന്ന സിനിമയുടെ സംവിധായകൻ ഫാസിൽ വിവരം അറിയിച്ചപ്പോൾ ഒട്ടും വിശ്വസിച്ചില്ല. 'നാനൊരു ചിന്ത്' എന്ന ഗാനം പാടിക്കഴിഞ്ഞയുടനെ അടുത്ത ദിവസം മറ്റൊരു പാട്ടുണ്ട് എന്നറിയിച്ചപ്പോൾ വല്ലാത്ത മനപ്രയാസമായി. കാരണം, അന്ന് എം.എ. പരീക്ഷയാണ്. മടിച്ചു മടിച്ചു വിവരം ഇളയരാജായെ അറിയിച്ചു. പരീക്ഷ ഇനിയും വരുമെന്നും ഈ അവസരം നഷ്ടപ്പെടുത്തിയാൽ തിരികെക്കിട്ടില്ലെന്നും, സംഗീതഭാവി ഒരുപക്ഷേ, ഇതിനാൽ തെളിയുമെന്നും പറഞ്ഞത് അർഥവത്തായി. 'പാടറിയേൻ പാപ്പറിയേൻ' എന്ന തമിഴ്ഗാനത്തിനാണ് ചിത്രയ്ക്ക് മികച്ച ഗായികയ്ക്കുള്ള ദേശീയ അവാർഡു ലഭിക്കുന്നത്. അതോടെ ഭർത്താവ് വിജയശങ്കർ അലിൻഡ് എന്ന സ്ഥാപനത്തിലുള്ള തന്റെ ജോലി രാജിവച്ച് സദാസമയം ഭാര്യയ്ക്കു സഹായിയായി മാറി. 'ചിന്നക്കുയിൽ' എന്നു തമിഴ്നാട്ടിലും, 'സംഗീതസരസ്വതി' എന്ന് ആന്ധ്രാപ്രദേശിലും, 'കന്നടകോകില' എന്നു കർണാടകത്തിലും പുകഴ്ത്തപ്പെടുമ്പോൾ മലയാളികൾ വാനമ്പാടി എന്നും ഓമനപ്പേരിട്ടു വിളിക്കുന്നു. ഇളംതലമുറയോ 'ചിത്രാമ്മ'യെന്നും!

ജന്മവാസനകൊണ്ട് സംഗീതാകാശത്ത് പൂർണചന്ദ്രികാസമാനം ശോഭിക്കുന്ന ഈ ഗായിക ജീവിച്ചിരിക്കുന്നതും മൺമറഞ്ഞതുമായ എല്ലാ സംഗീതാചാര്യന്മാരുടെയും അനുഗ്രഹാശിസ്സുകൾ പണ്ടേ നേടിയെടുത്തവളാണ്.

അവരുടെ കലാജീവിതത്തിലെ മറക്കാനാവാത്ത ഒരു സംഭവംകൂടി കുറിച്ച് പേന താഴെ വയ്ക്കാമെന്നു വിചാരിക്കുന്നു. കർണാടകയിൽ ഒരു പ്രോഗ്രാം കഴിഞ്ഞിറങ്ങിയ അവരുടെയടുത്തേക്കു തിക്കിത്തിരക്കി വന്ന ഒരു യുവാവ് 'അമ്മാ' എന്ന് ഉറക്കെക്കരഞ്ഞ് കാൽക്കൽ വീണു. സ്തംഭിച്ചുപോയി! 'നിങ്ങളാണെന്നെ രക്ഷിച്ചത്. ഈ പാട്ടു കേട്ടില്ലായിരുന്നെങ്കിൽ ഞാൻ ആത്മഹത്യ ചെയ്തേനെ അമ്മാ' എന്നു തേങ്ങിക്കരഞ്ഞ അയാളെ പിടിച്ചെഴുന്നേല്പിച്ചപ്പോൾ 'ഒറ്റപ്പൂക്കളമേ' എന്ന ഗാനം കേട്ടതാണ് അയാൾക്കു സമാശ്വാസമായതെന്നു മനസ്സിലായി. പാ വിജയ് എന്ന ഗാനരചയിതാവിന്റെ ഗാനസാഹിത്യം, അർഥത്തിനുചേർന്ന ഭാവത്തിൽ ചിത്ര പാടിയത് അയാളുടെ ഹൃദയത്തെ മഥിച്ചു: "ജീവിതമെന്നത് ഒരു പോരാട്ടമാണ്, ഉറച്ച വിശ്വാസത്തോടെ മുന്നോട്ടു പോകണം. തളരരുത്. ഒരു തോൽവിക്കപ്പുറത്ത് ഒരു വിജയം നമ്മെ കാത്തിരിക്കുന്നുണ്ടാകും.'' 'മകനേ, എന്റെ ശബ്ദം ഒരു നിമിത്തമായി എന്നേ ഉള്ളൂ. ഗാനരചയിതാവ് പാ വിജയിയാണ് നിന്നെ രക്ഷിച്ചത്' എന്ന് എളിമയോടെ പറയാനാണു ചിത്രയ്ക്കു തോന്നിയത്. ഈ പാട്ട് ചെന്നൈയിലെ മാതൃമന്ദിർ എന്ന സ്കൂളിൽ ഓട്ടിസം ബാധിച്ച കുട്ടികളുടെ ഒരു ചടങ്ങിൽ പാടിയപ്പോൾ കുട്ടികളും അവരുടെ രക്ഷിതാക്കളും കേൾവിക്കാരും ഒന്നടങ്കം പൊട്ടിക്കരഞ്ഞതും ചിത്ര കൂടെക്കരഞ്ഞതും ഓർക്കുന്നു.

ഹൃദയനൈർമല്യംകൊണ്ടും തേനിറ്റിക്കുന്ന ശബ്ദമാധുര്യംകൊണ്ടും കറതീർന്ന ലാളിത്യത്തിന്റെ ലാവണ്യംകൊണ്ടും മനുഷ്യത്വം തുളുമ്പുന്ന പ്രവൃത്തികൾകൊണ്ടും ഈ ഗായിക ജനഹൃദയങ്ങൾ കീഴടക്കിയിട്ട് 60 വർഷം തികഞ്ഞു. എപ്പോഴും നുണക്കുഴി കാട്ടിച്ചിരിച്ചു പാടുന്ന ഈ സംഗീതദേവത കരിമ്പിൻതുണ്ടിൽ തേൻപുരട്ടി നീട്ടുന്നതുപോലെയല്ലേ നമുക്കുവേണ്ടി പാടുന്നത്? ആ ദിവ്യപ്രക്രിയ ഇനിയും അറുപതാണ്ടിനുമേൽ നീളട്ടെയെന്ന് ജന്മദിനാശംസകൾ നേരുന്നു.

■

# ചുമ വില്ലനാകാതെ സൂക്ഷിക്കണം



ഡോ. ജെയ്സി തോമസ്

**ചു**മച്ചു മടുത്തു! ചുമ വരുന്ന മിക്കവരും പറയുന്ന വാചകമാണിത്. ചുമ ഒരു രോഗമല്ല, പലരെയും ബുദ്ധിമുട്ടിക്കുന്ന സാധാരണമായി കാണുന്ന ഒരു ശ്വാസകോശരോഗലക്ഷണമാണ്. ശ്വാസകോശം ശരീരത്തിലെ ഒരു പ്രതിരോധവ്യവസ്ഥ കൂടിയാണ്. അന്തരീക്ഷവുമായി നിരന്തരം ബന്ധപ്പെട്ടാണ് ശ്വാസകോശം ഉള്ളത്. അതുകൊണ്ടുതന്നെ, അന്തരീക്ഷത്തിൽനിന്നുള്ള പുക,പൊടിപടലങ്ങൾ തുടങ്ങി അലർജി ഉണ്ടാക്കുന്ന എല്ലാം ശ്വാസകോശത്തിലേക്കു വരുമ്പോൾ ഇതിനെ ഒന്നു പുറന്തള്ളാനായി പ്രതിരോധവ്യവസ്ഥ പ്രവർത്തനം തുടങ്ങും. അതുപോലെ തന്നെ ബാക്ടീരിയ, വൈറസ് തുടങ്ങിയ അണുബാധകൾ വരുമ്പോഴും ഇതിനെ പുറന്തള്ളാനുള്ള പ്രതിരോധമായിട്ടും തുടക്കസമയത്തു ചുമ വരാം. ഇങ്ങനെയുള്ള ചുമ ഒന്നോ രണ്ടോ ദിവസം കഴിയുമ്പോൾ മാറാറുണ്ട്. പക്ഷേ, ചുമ മാറാതെ ദീർഘനാൾ നിലനിന്നാൽ അതിനെ ക്രോണിക് കഫ് അഥവാ കൂടുതൽ കാലം നിലനില്ക്കുന്ന ചുമ എന്നു പറയും.

**അലർജിയും ആസ്ത്മയും**

വിട്ടുമാറാത്ത അലർജിയും അനുബന്ധമായുണ്ടാകുന്ന പ്രശ്നങ്ങളും പലരെയും അലട്ടാറുണ്ട്. ചുമയ്ക്ക് ഏറ്റവും കൂടുതലായി കാണുന്ന കാരണം അലർജിമൂലമുള്ള പ്രശ്നങ്ങളാണ്. കുട്ടികളിലും മുതിർന്നവരിലും അലർജി, ആസ്ത്മ രോഗങ്ങൾ ഒരുപോലെ കണ്ടുവരുന്നു. കുട്ടികൾക്ക് പ്രത്യേകിച്ചും ചുമ ആയിരിക്കും പ്രധാന രോഗലക്ഷണം. വിട്ടുമാറാത്ത ചുമ വരും. കുത്തിക്കുത്തി ചുമച്ച് അസ്വസ്ഥത ഉണ്ടാകും. മറ്റു ലക്ഷണങ്ങൾ ഒന്നുമില്ലാതെയും പനി ഇല്ലാതെയും ചുമ വരാം. ആസ്ത്മാരോഗികളിൽ ചെറിയ വൈറൽപനിപോലെ ജലദോഷവും മൂക്കൊലിപ്പും വന്നിട്ട് അതു ചുമയിലേക്കു പോകുന്ന രീതിയും കണ്ടുവരുന്നുണ്ട്. കഫക്കെട്ട് വന്നാൽ ഒരുപാട് കഫം കാണണമെന്നില്ല. കഫം ഉണ്ടെങ്കിലും അത് പശിമയുള്ള അണുബാധയില്ലാത്ത നിറം കുറവുള്ള കഫമായിരിക്കും. ചുമ തുടർന്നുകൊണ്ടിരിക്കും. അതാണ് സാധാരണഗതിയിൽ അലർജി, ആസ്ത്മ തുടങ്ങിയ രോഗംകൊണ്ടുള്ള ചുമ. ഈ ചുമ പ്രത്യേകിച്ചു കുട്ടികളുടെ ചുമ മാറാതെ നിന്നാൽ ആന്റിബയോട്ടിക് ഉപയോഗിക്കാതെ കൃത്യമായിട്ട് പരിശോധിച്ച് ആസ്ത്മയാണോ ആസ്ത്മകൊണ്ടുള്ള ചുമയാണോ എന്നു കണ്ടുപിടിക്കേണ്ടത് ആവശ്യമാണ്.

ശ്വാസകോശത്തിലെ അലർജിമൂലം ഉണ്ടാകുന്ന നീർക്കെട്ടിനാണ് ആസ്ത്മ എന്നു പറയുന്നത്. ശ്വാസകോശത്തിൽ നീർക്കെട്ട് ഉണ്ടായില്ലെങ്കിൽ പോലും മൂക്കിലും സൈനസ് അറകളിലും അലർജിമൂലവും ചുമ വരാം. അതായത്, അലർജിമൂലം തൊണ്ടയിൽ എപ്പോഴും കഫം വരികയും മൂക്കൊലിപ്പ് ഉണ്ടാവുകയും ചെയ്യും. തൊണ്ടയിൽ വരുന്ന കഫം ചുമ ഉണ്ടാക്കുകയും ചെയ്യും. ഇങ്ങനെ അലർജികൊണ്ടും സൈനസൈറ്റിസ് ഉള്ളവരിൽ സൈനസ് അറയിൽ വായുവിനുപകരം കഫം അടിഞ്ഞുകൂടിയും അലർജിക് സൈനസൈറ്റിസ് അല്ലെങ്കിൽ ഇൻഫക്ടിവ് സൈനസൈറ്റീവ് ആയി കഫം വന്ന് അസ്വസ്ഥത ഉണ്ടാക്കുകയും തൊണ്ടയിൽ ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യും. ഇങ്ങനെയും സാധാരണ ചുമ വരാറുണ്ട്. അണുബാധയോ അലർജിയോ ആണ് ഇതിനെല്ലാം കാരണമാകുന്നത്.

**സൂക്ഷിക്കണം സിഒപിഡി**

ശ്വാസകോശത്തിൽ നിർക്കെട്ടുണ്ടാക്കുന്ന ഒരു പ്രധാന രോഗം ആസ്ത്മയാണ്. ചുമയ്ക്ക് പ്രധാന കാരണംതന്നെയാണിത്. അതുപോലെ സൂക്ഷിക്കേണ്ട മറ്റൊരു അസുഖമാണ് സിഒപിഡി. സിഒപിഡി എന്നാൽ ക്രോണിക് ഒബ്സ്ട്രെക്റ്റീവ് പൾമണറി ഡിസീസ് എന്നാണ്. അതായത്, വിട്ടുമാറാത്ത ശ്വാസകോശരോഗമാണ് സിഒപിഡി. കൃത്യമായ ജീവിതശൈലിയിലൂടെ തടയാവുന്നതും ചികിത്സിക്കാവുന്നതുമായ രോഗമാണിത്. സിഒപിഡിക്ക് പ്രധാനകാരണം പുകവലി തന്നെയാണ്. അതുകൂടാതെ അന്തരീക്ഷമലിനീകരണം, അടുപ്പിലെ പുക തുടർച്ചയായി ശ്വസിക്കുന്നത്, ഫാക്ടറികളുടെ പുക, വാഹനങ്ങളിൽനിന്നുള്ള പുക ശ്വസിക്കുന്നത് തുടങ്ങിയവയും കാരണങ്ങളാണ്. ഇതുമൂലം ശ്വാസകോശത്തിൽ നേരിട്ടു കേടുണ്ടാക്കുകയും ശ്വാസകോശവായു അറകളുടെ ഭിത്തിക്ക് കേടുണ്ടാക്കി ശ്വാസകോശത്തിന്റെ പ്രവർത്തനത്തെ കുറയ്ക്കുകയും ചെയ്യും. 40 വയസ്സിനു ശേഷമാണ് ഈ രോഗം സാധാരണ കണ്ടുവരുന്നത്. 40 വയസ്സിനുശേഷം കൂടുതലും കിതപ്പായി വരും. ചില ആളുകളിൽ



വിട്ടുമാറാത്ത ചുമ, വർഷത്തിൽ 2 മാസമായി നിലനില്ക്കുകയാണെങ്കിലും അതിനെ സിഒപിഡി എന്നു പറയും. അത് ക്രോണിക് ബ്രോങ്കൈറ്റിസ് എന്നു പറയുന്ന സിഒപിഡിയുടെ ഒരു വകഭേദമായിട്ടാണ് വരുന്നത്. അവർക്ക് ശ്വാസംമുട്ടലിനെക്കാളും വിട്ടുമാറാത്ത ചുമ തുടരും. ഒരു ചെറിയ വൈറൽ പനി വന്നാൽപോലും അവരുടെ ചുമ സമയമെടുത്തേ മാറുകയുള്ളൂ. അങ്ങനെയാണ് സിഒപിഡി ആളുകൾക്കു ചുമ കാണുന്നത്. നീർക്കെട്ടു മാറ്റാനുള്ള മരുന്നുകളാണ് ചികിത്സയിൽ ആവശ്യമായിട്ടുവരുന്നത്. ആന്റിബയോട്ടിക് ദീർഘകാലത്തേക്ക് കഴിക്കേണ്ട ആവശ്യമില്ല. സിഒപിഡി ആണോ എന്ന് പരിശോധന നടത്തേണ്ടത് അത്യാവശ്യമാണ്. സിഒപിഡി ചികിത്സിച്ചു ഭേദമാക്കിയില്ലെങ്കിൽ ശ്വാസകോശത്തിന്റെ പ്രവർത്തനം ക്രമേണ കുറയുകയും ആവർത്തിച്ചുള്ള അണുബാധ ഉണ്ടാകുകയും ചെയ്യും.

**ഒട്ടേറെ ആളുകളിൽ ഇൻഫ്ളുവൻസയും**

ഇന്നത്തെ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്നത് പോസ്റ്റ് വൈറൽ ബ്രോങ്കൈറ്റിസാണ്. കോവിഡിനുശേഷവും വൈറൽപനി ഇപ്പോൾ ധാരാളം ആളുകൾക്കുണ്ടാകുന്നു. പനിക്കുശേഷം വിട്ടുമാറാത്ത ചുമ പ്രശ്നമായവർ ഏറെയാണ്. കൊവിഡിനുശേഷവും മൂന്നുമാസത്തോളം ചുമയും അനുബന്ധപ്രശ്നങ്ങളും ധാരാളം ആളുകൾക്കു നിലനിന്നിരുന്നു. കൊവിഡ് മാറിയശേഷം ഈ വർഷം കൂടുതലായിട്ടു കണ്ടുവരുന്നത് ഇൻഫ്ളുവൻസ ആണ്. ഇൻഫ്ളുവൻസയും ഒരു വൈറസ് ആണ്. ഇൻഫ്ളുവൻസയും ശ്വാസനാളികളെ ബാധിക്കും. അങ്ങനെ ബ്രോങ്കൈറ്റിസ് ഉണ്ടാക്കിയിട്ട് ചുമ രണ്ടു മൂന്ന് ആഴ്ച നിലനില്ക്കും. എതു വൈറൽപനിയും സാധാരണ ജലദോഷംപോലെ വന്ന് തൊണ്ടയ്ക്ക് അസ്വസ്ഥതയുണ്ടാക്കി ചുമ തുടങ്ങും. തുടർന്നു ശ്വാസനാളികളിൽ അണുബാധ വരികയും ബ്രോങ്കൈറ്റിസിലേക്കു മാറുകയും ചെയ്യും. ഇങ്ങനെയാണ് വൈറൽ അണുബാധകൾ സാധാരണ കാണുന്നത്. വൈറൽ ബ്രോങ്കൈറ്റിസ് പൊതുവെ 5–7 ദിവസത്തിൽ മാറിക്കോളും. പക്ഷേ, ചിലർക്ക് ഇത് പെർസിസ്റ്റന്റ് ബ്രോങ്കൈറ്റിസ് എന്നു പറയും. കുട്ടികൾക്കും മുതിർന്നവർക്കും ഇപ്പോൾ വൈറസ്മൂലമുള്ള പെർസിസ്റ്റന്റ് ബ്രോങ്കൈറ്റിസ് കാണുന്നുണ്ട്. അത് മൂന്നാഴ്ചയോളം എടുക്കും മാറാൻ. ഇപ്പോൾ കാണുന്ന ചുമയുടെ ഒരു പ്രധാന കാരണമാണിത്. അതുപോലെ അലർജിക് ബ്രോങ്കൈറ്റിസ് ഉണ്ട്. പെട്ടെന്ന് ഒരുപാട് പുക ശ്വസിക്കുന്നതുകൊണ്ടോ, പ്ലാസ്റ്റിക്മാലിന്യങ്ങൾ കത്തിക്കുന്നതിന്റെ പുക ശ്വസിച്ചാലോ നീർക്കെട്ടുണ്ടാകുകയും ബ്രോങ്കൈറ്റിസിലേക്കു നയിക്കുകയും ചെയ്യാം.

**ക്ഷയരോഗവും കാരണമാകാം**

ദീർഘകാലമായി നില്ക്കുന്ന ബാക്റ്റീരിയൽ അണുബാധയിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് ട്യൂബർക്കിലോസിസ് അല്ലെങ്കിൽ ക്ഷയരോഗമാണ്. സാധാരണ ബാക്ടീരിയൽ അണുബാധ ഗുരുതരമായില്ലെങ്കിൽ 2–3 ആഴ്ച കൊണ്ടുതന്നെ ന്യൂമോണിയമൂലം ഉണ്ടാകുന്ന ചുമയും കഫക്കെട്ടും മാറാറുണ്ട്. പക്ഷേ, ഗുരുതര ന്യൂമോണിയ ആണെങ്കിൽ അത് കുറച്ചു കാലംകൂടി നീണ്ടുനില്ക്കും. ക്ഷയരോഗം വളരെ സാധാരണമായി ഇന്ത്യയിൽ കാണുന്ന രോഗമാണ്. ഇതു പെട്ടെന്ന് പടരുന്നതായതിനാൽ നിയന്ത്രണവിധേയമാക്കേണ്ടത് വളരെ അത്യാവശ്യമാണ്. രണ്ടാഴ്ചയിലേറെ നില്ക്കുന്ന ചുമ ഉണ്ടെങ്കിൽ ക്ഷയരോഗമല്ല എന്നുറപ്പു വരുത്തേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. കാരണം, അതു പകർച്ചവ്യാധിയാണ്. മറ്റുള്ളവരിലേക്കു വായുവിലൂടെ പകരുന്ന രോഗമാണ്.

**ശ്വാസകോശ കാൻസർ**

കൂടുതൽ കാലമായി നിലനില്ക്കുന്ന ചുമയ്ക്ക് ശ്വാസകോശകാൻസറും ഒരു കാരണമാകാം. വരണ്ട ചുമയും ചിലപ്പോൾ കഫത്തിൽ രക്തം കലർന്നു വരുന്നതും കാണാം. അനുബന്ധപ്രശ്നമായി ശ്വാസംമുട്ടലുമുണ്ടാകാം. മറ്റു ശ്വാസകോശ പ്രശ്നങ്ങളായ ശ്വാസകോശം ചുരുങ്ങുന്ന ലങ് ഫൈബ്രോസിസ് എന്ന അസുഖവും വരണ്ട ചുമയുടെ രൂപത്തിലാണ് പലപ്പോഴും പ്രത്യക്ഷപ്പെടുന്നത്. ഇതൊക്കെയാണ് ശ്വാസകോശത്തെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങൾ. ഇതല്ലാതെ അസിഡിറ്റിമൂലം ഉണ്ടാകുന്ന ഗ്യാസ്ട്രാ ഈസോ ഫേജൽ റിഫ്ളക്സ് ഡിസീസ് (ജി.ഇ.ആർ.ഡി.) എന്നു പറയുന്ന അവസ്ഥയും ചുമയ്ക്കു കാരണമാകുന്നുണ്ട്. അസിഡിറ്റി നമ്മുടെ തൊണ്ടയിൽ അസ്വസ്ഥത ഉണ്ടാക്കുകയും ഈ അസ്വസ്ഥതകൊണ്ട് വിട്ടു മാറാത്ത ചുമ ഉണ്ടാവുകയും ചെയ്യും.

**സ്വയംചികിത്സ അരുത്**

ചുമയ്ക്ക് സ്വന്തമായി ചികിത്സ അരുത്. മെഡിക്കൽ സ്റ്റോറിൽ പോയി സിറപ്പും മറ്റു മരുന്നുകളും വാങ്ങിക്കഴിച്ചു നിറുത്തുന്നതല്ല ചുമയുടെ ചികിത്സ. ചുമയുടെ പിന്നിൽ പല കാരണങ്ങൾ ഉണ്ടാകാം. എന്താണെങ്കിലും ഒരു കൃത്യമായ രോഗനിർണയത്തിൽ എത്തുക എന്നതാണ് അഭികാമ്യം. ചുമയ്ക്ക് ചികിത്സ തേടേണ്ടത് എത്രയും പെട്ടെന്നുതന്നെ വേണം. രണ്ടാഴ്ചത്തേക്ക് ചുമ കാത്തുനില്ക്കേണ്ട കാര്യമില്ല. ചില വൈറൽ അണുബാധകൊണ്ടുള്ള ചുമ പെട്ടെന്നുതന്നെ ശ്വാസതടസ്സത്തിലേക്കു പോകുന്നതു കാണുന്നുണ്ട്. അതുകൊണ്ട്, നിങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഒരു ചുമയുണ്ടെങ്കിൽ എത്രയും പെട്ടെന്ന് ചികിത്സ തേടുക. അതിനോടനുബന്ധിച്ച് ശ്വാസംമുട്ടൽ വരികയാണെങ്കിൽ അണുബാധയല്ലെന്ന് ഉറപ്പുവരുത്തുക. അലർജി ആണെങ്കിൽ കൃത്യമായി രോഗനിർണയം നടത്താൻ എല്ലാത്തരത്തിലുമുള്ള പരിശോധനകൾ ഇപ്പോൾ ലഭ്യമാണ്. ചികിത്സിച്ചു പൂർണമായി മാറ്റാനും സാധിക്കും. അതുകൊണ്ടുതന്നെ, കാരണങ്ങൾ കണ്ടെത്തുക എന്നതാണ് ഏറ്റവും അത്യാവശം.

**ലേഖിക പാലാ മാർ സ്ലീവാ മെഡിസിറ്റി പൾമണറി മെഡിസിൻ സീനിയർ കൺസൾട്ടന്റാണ്.**

# സഹിഷ്ണുതയുടെ ജീവചരിത്രം


**സാഹിത്യവിചാരം**


ഡോ. തോമസ് സ്കറിയ



എല്ലാ ജീവചരിത്രവും യഥാർഥത്തിൽ ആത്മകഥാപരമാണ് എന്നു പറഞ്ഞത് സ്റ്റാൻലി ഫിഷ് ആണ്. ഒരേയൊരു സത്യം ജീവചരിത്രത്തിൽ പറയപ്പെടുന്നത് ആകസ്മികതയുടെ സത്യമാണ്, അപകടത്തിന്റെയും അവസരങ്ങളുടെയും ഒരു പ്രപഞ്ചത്തിൽ പരസ്പരം പിന്തുടരുന്ന സംഭവങ്ങളുടെ സത്യമാണ്. ഫിഷ് പറഞ്ഞത് ഒരു കണക്കിൽ ശരിയാണ്. എഴുത്തുകാരൻ പര്യവേക്ഷണം ചെയ്ത വിഷയത്തിന്റെ ചില വശങ്ങൾ എഴുത്തിൽ ആഴത്തിൽ പ്രതിധ്വനിക്കുന്നുണ്ട്. ഫിഷിന്റെ വിമർശനം ജീവചരിത്രങ്ങളുടെ എണ്ണം കുറയ്ക്കുകയോ ഏറ്റവും പുതിയ ജീവചരിത്രം തിരയുന്നതിൽനിന്ന് വായനക്കാരെ നിരുത്സാഹപ്പെടുത്തുകയോ ചെയ്തില്ല. വില്യം മക്ഫീലി സൂചിപ്പിച്ചതുപോലെ, ജീവചരിത്രം എല്ലായ്പോഴും പ്രധാനമാണ്. കാരണം, നാമെല്ലാവരും 'നമ്മുടെ സഹമനുഷ്യരെക്കുറിച്ചുള്ള അടിസ്ഥാന മാനുഷിക ജിജ്ഞാസ' പങ്കിടുന്നു. എന്നാൽ, ഒരാളുടെ ഒന്നിലേറെ ജീവചരിത്രങ്ങൾ എഴുതപ്പെടുന്നതിന്റെ കാരണമെന്താവാം? ഗബ്രിയേൽ ഗാർസിയ മാർക്വേസിന്റെ ജറാൾഡ് മാർട്ടിൻ എഴുതിയ ജീവചരിത്രം വായിച്ചാൽ അതിന്റെ ഉത്തരം ലഭിക്കും. കുട്ടിക്കാലത്ത് ഒരു മാന്ത്രികൻ, പിന്നീട് പിയാനിസ്റ്റ്, കൗമാരത്തിൽ അക്കോഡിയൻ വാദകൻ, വിജ്ഞാനകോശം വില്ക്കുന്നയാൾ, കവി, ചലച്ചിത്രകാരൻ, കഥാകൃത്ത്, കെട്ടുകഥകളുടെ എഴുത്തുകാരൻ അതൊക്കെയായിരുന്നു മാർക്വേസ്. അദ്ദേഹത്തിന്റെ ജീവിതം ഭാഗ്യനിർഭാഗ്യങ്ങൾ ജീവിതചക്രത്തെ ചലിപ്പിക്കുന്നതിന്റെ കഥയാണ്.

1927-ൽ കൊളംബിയയിൽ ജനിച്ച ഗബ്രിയേൽ ഗാർസിയ മാർക്വേസ്, മൂന്നാം ലോകത്തിൽനിന്ന് ഉയർന്നുവന്ന ഏറ്റവും അറിയപ്പെടുന്ന എഴുത്തുകാരനും മറ്റ് വികസ്വരരാജ്യങ്ങളിലും അതിശയകരമാംവിധം സ്വാധീനം ചെലുത്തിയ 'മാജിക്കൽ റിയലിസം' എന്ന സാഹിത്യശൈലിയുടെ ഏറ്റവും അറിയപ്പെടുന്ന വക്താവുമാണ്. ലാറ്റിനമേരിക്ക യ്ക്കുള്ളിൽത്തന്നെയും യൂറോപ്പിലെയും 'ഒന്നാം ലോക'ത്തിൽപ്പോലും, സാർവത്രികമായി അംഗീകരിക്കപ്പെട്ട മഹാന്മാരായ എഴുത്തുകാർക്കുപോലും ബുദ്ധിമുട്ട് അനുഭവപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിൽ, ഗാർസിയ മാർക്വേസ് ഒരു പക്ഷേ, ഏറ്റവും കൂടുതൽ ആരാധകരും ഏറ്റവും പ്രാതിനിധ്യവുമുള്ള ലാറ്റിനമേരിക്കൻ നോവലിസ്റ്റായി മാറി. കഴിഞ്ഞ നാലു പതിറ്റാണ്ടായി അദ്ദേഹത്തിന്റെ പ്രശസ്തി മറ്റാർക്കുമില്ല. ഇരുപതാം നൂറ്റാണ്ടിലെ നോവലിസ്റ്റുകളെ പരിശോധിച്ചാൽ, നിലവിൽ വിമർശകർ അംഗീകരിക്കുന്ന മഹത്തായ പേരുകളിൽ ഭൂരിഭാഗവും അതിന്റെ ആദ്യ നാല്പതു വർഷങ്ങളിൽ (ജോയ്സ്, പ്രൂസ്റ്റ്, കാഫ്ക, ഫോക്നർ, വൂൾഫ്) ആണെന്നു കണ്ടെത്താം. എന്നാൽ, നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഒരുപക്ഷേ, ഗാർസിയ മാർക്വേസ് മാത്രമേ യഥാർഥസ്വാധീനം നേടിയിട്ടുള്ളൂ. 1967 ൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ മാസ്റ്റർപീസ്, 'ഏകാന്തതയുടെ നൂറുവർഷങ്ങൾ,' ആധുനികതയ്ക്കും ഉത്തരാധുനികതയ്ക്കും ഇടയിലുള്ള പരിവർത്തനത്തിന്റെ മൂർദ്ധന്യത്തിൽ പ്രത്യക്ഷപ്പെട്ട ഒരു നോവലായിരുന്നു. അത് 1950-നും 2000-നും ഇടയിൽ ഏറ്റവുമധികം വായിക്കപ്പെട്ട നോവലുമായിരിക്കാം. ലോകത്തിലെ മിക്കവാറും എല്ലാ രാജ്യങ്ങളിലെയും സംസ്കാരത്തിലെയും വായനക്കാർ ഏറ്റെടുത്ത കൃതി. ആ അർഥത്തിൽ, അത് രണ്ടു വിഷയങ്ങളുടെ അടിസ്ഥാനത്തിൽ - വിശാലമായി, പാരമ്പര്യവും 'ആധുനികതയും' തമ്മിലുള്ള ഏറ്റുമുട്ടലും അതിന്റെ സ്വീകരണവുമാണ്. അത് ലോകത്തിലെ ആദ്യത്തെ യഥാർഥ 'ആഗോള' നോവലായിരുന്നുവെന്ന് അവകാശപ്പെടുന്നതിൽ അതിശയോക്തിയില്ല. ആഗോള എഴുത്തുകാരൻകൂടിയാണ് മാർക്വേസ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഗാർസിയ മാർക്വേസ് ഒരു അപൂർവപ്രതിഭാസമാണ്. അദ്ദേഹം ഗൗരവമേറിയ കൃതികളുടെ കർത്താവും എന്നാൽ ജനപ്രിയനുമായ എഴുത്തുകാരനായിരുന്നു. സെലിബ്രിറ്റികൾ, കായികതാരങ്ങൾ, സംഗീതജ്ഞർ അല്ലെങ്കിൽ സിനിമാതാരങ്ങൾ എന്നിവരെപ്പോലെ പരിഗണിക്കപ്പെട്ടു. 1982 ൽ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം സമീപകാലത്ത് ഏറ്റവും ജനപ്രിയനായ എഴുത്തുകാരനായ ഗാർസിയ മാർക്വേസിനായിരുന്നു. അദ്ദേഹം മക്കോണ്ടോ എന്ന ചെറിയ സാങ്കല്പികനഗരം കണ്ടുപിടിച്ചു. ഒരിക്കലും സമാനമല്ലാത്ത ഒരു പ്രദേശം. 'ഗാബോ' എന്ന വിളിപ്പേരിലാണ് അദ്ദേഹം എല്ലായിടത്തും അറിയപ്പെടുന്നത്. തന്റെ ഭൂഖണ്ഡത്തിലെ ഇരുപതാം നൂറ്റാണ്ടിലെ നാലോ അഞ്ചോ വലിയ വ്യക്തിത്വങ്ങളിൽ ഒരാളാണെങ്കിലും, അദ്ദേഹം ജനിച്ചത് പ്രധാനമായും നിരക്ഷരരായ മനുഷ്യർ താമസിക്കുന്ന ഓടയില്ലാത്ത, മാലിന്യങ്ങൾ നിറഞ്ഞ തെരുവുകളുള്ള ഒരു പട്ടണത്തിലാണ്. 'അറകാറ്റാക്ക' അഥവാ 'മക്കോണ്ടോ'. അതു കേൾക്കുമ്പോൾതന്നെ ആളുകൾ ചിരിക്കുന്നു ഗാർസിയ മാർക്വേസ് പിന്നീട് ഒരു ധനികനായി. അഞ്ചു വ്യത്യസ്ത രാജ്യങ്ങളിലായി ഏഴു വീടുകൾ. അതും ഗ്ലാമറസ് ലൊക്കേഷനുകളിൽ. ഷേക്സ്പിയറെപ്പോലെ, അദ്ദേഹത്തിന്റെ പുസ്തകങ്ങളുടെ ശീർഷകങ്ങൾ ഭൂമിയിലെമ്പാടുമുള്ള മാധ്യമങ്ങളുടെ തലക്കെട്ടുകളിൽ പ്രേതരൂപത്തിൽ പ്രത്യക്ഷപ്പെടുന്നു,






'നൂറു മണിക്കൂർ ഏകാന്തത, 'ഒരു ദുരന്തത്തിന്റെ ദിനവൃത്താന്തം', 'സ്വേച്ഛാധിപതിയുടെ ശരത്കാലം, പണത്തിന്റെ കാലത്തെ പ്രണയം എന്നിങ്ങനെ. പാതി ജീവിതകാലം മുഴുവൻ സെലിബ്രിറ്റിയുടെ വിസ്മയിപ്പിക്കുന്ന തലത്തെ അഭിമുഖീകരിക്കാനും സഹിക്കാനും അദ്ദേഹം നിർബന്ധിതനായി. സമ്പന്നരും പ്രശസ്തരും ശക്തരുമായ ഫ്രാൻസ്വാ മിത്രാൻഡ്, ഫിലിപ്പെ ഗോൺസാലസ്, ബിൽ ക്ലിന്റൺ, കൊളംബിയയുടെയും മെക്സിക്കോയുടെയും സമീപകാല പ്രസിഡന്റുമാർ, കൂടാതെ മറ്റ് നിരവധി സെലിബ്രിറ്റികൾ എന്നിവരും അദ്ദേഹത്തിന്റെ പ്രീതിയും സൗഹൃദവും തേടിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സാഹിത്യ-സാമ്പത്തിക വിജയങ്ങൾക്കിടയിലും, അദ്ദേഹം തന്റെ ജീവിതത്തിലുടനീളം പുരോഗമന ഇടതുപക്ഷക്കാരനും നല്ല കാര്യങ്ങളുടെ തമ്പുരാനും പത്രപ്രവർത്തനത്തിന്റെയും സിനിമയുടെയും സ്വാധീനമുള്ള സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള നല്ല സംരംഭങ്ങളുടെ നിർമാതാവുമായി തുടർന്നു. അതേസമയം, മറ്റൊരു രാഷ്ട്രീയനേതാവായ ഫിദൽ കാസ്ട്രോയുമായുള്ള അദ്ദേഹത്തിന്റെ അടുത്ത സൗഹൃദം മുപ്പതു വർഷത്തിലേറെയായി വിവാദങ്ങളുടെയും വിമർശനങ്ങളുടെയും സ്ഥിരമായ ഉറവിടവുമായിരുന്നു.

ജെറാൾഡ് മാർട്ടിൻ എഴുതിയ മാർക്വേസിന്റെ ജീവചരിത്രം ഏറെ പ്രശസ്തമാണ്. അദ്ദേഹം എഴുതുന്നു: പതിനേഴു വർഷമായി ഞാൻ ഈ ജീവചരിത്രത്തിനായി പ്രവർത്തിക്കുന്നു. ആദ്യകാലങ്ങളിൽ ഞാൻ സംസാരിച്ചവരെല്ലാം എന്നോടു പറഞ്ഞതിനു വിരുദ്ധമായി ("നിങ്ങൾക്ക് ഒരിക്കലും അവനെ കാണാൻ കഴിയില്ല, നിങ്ങൾ അങ്ങനെ ചെയ്താൽ അവൻ സഹകരിക്കില്ല"), ഞാൻ ജോലി തുടങ്ങി ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ എന്റെ ആളെ കാണാൻ സാധിച്ചു, അവൻ ആവേശഭരിതനാണെന്നു പറയാനാവില്ലെങ്കിലും (നിങ്ങൾ എന്തിനാണ് ഒരു ജീവചരിത്രം എഴുതാൻ ആഗ്രഹിക്കുന്നത്? ജീവചരിത്രങ്ങൾ മരണത്തെ അർഥമാക്കുന്നു), അവൻ സൗഹൃദവും ആതിഥ്യമര്യാദയും സഹിഷ്ണുതയും ഉള്ളവനായിരുന്നു, എന്റെ ജീവചരിത്രം അംഗീകൃതമാണോ എന്ന് എന്നോടു ചോദിച്ചപ്പോഴെല്ലാം, എന്റെ മറുപടി എല്ലായ്പ്പോഴും ഒന്നുതന്നെയായിരുന്നു: 'ഇല്ല, ഇത് ഒരു അംഗീകൃത ജീവചരിത്രമല്ല, സഹിഷ്ണുതയുള്ള ജീവചരിത്രമാണ്, എന്നിട്ടും അദ്ദേഹം എന്നെ അദ്ഭുതപ്പെടുത്തുകയും നന്ദി അറിയിക്കുകയും ചെയ്തു. 2006 ൽ ഗാർസിയ മാർക്വേസ്തന്നെ പറഞ്ഞു, ഞാൻ അദ്ദേഹത്തിന്റെ 'ഔദ്യോഗിക' ജീവചരിത്രകാരനാണെന്ന്.

"ജീവചരിത്രകാരനും ജീവിതകാരനും തമ്മിലുള്ള ബന്ധം ജീവചരിത്രമെഴുത്തിൽ സ്ഥിരമായി ബുദ്ധിമുട്ടുള്ള ഒന്നാണ്, പക്ഷേ, ഞാൻ വളരെ ഭാഗ്യവാനായിരുന്നു. ഒരു പ്രൊഫഷണൽ ജേണലിസ്റ്റ് എന്ന നിലയിലും എഴുത്തുകാരൻ എന്ന നിലയിലും തനിക്ക് അറിയാവുന്നവരുടെ ജീവിതം തന്റെ കെട്ടുകഥകളുടെ വിപുലീകരണത്തിൽ ഉപയോഗിക്കുന്ന ഒരു എഴുത്തുകാരൻ എന്ന നിലയിലും ഗാർസിയ മാർക്വേസ് സഹിഷ്ണുത കാണിച്ചു. 1990 ഡിസംബറിൽ ഹവാനയിൽ വച്ച് ഞാൻ അദ്ദേഹത്തെ ആദ്യമായി കണ്ടപ്പോൾ, ഒരു വ്യവസ്ഥയിൽ എന്റെ നിർദേശത്തോടു യോജിക്കുമെന്ന് അദ്ദേഹം പറഞ്ഞു, എന്നെ നിങ്ങളുടെ ജോലി ചെയ്യാൻ നിർബന്ധിക്കരുത്. ഞാൻ അവനെ എന്റെ ജോലി ചെയ്യാൻ പ്രേരിപ്പിച്ചിട്ടില്ലെന്ന് അദ്ദേഹം സമ്മതിക്കുമെന്നു ഞാൻ കരുതുന്നു, എനിക്ക് അദ്ദേഹത്തിന്റെ സഹായം ശരിക്കും ആവശ്യമുള്ളപ്പോൾ സഹായിച്ചുകൊണ്ട് അദ്ദേഹം പ്രതികരിച്ചു. ഈ ജീവചരിത്രം തയ്യാറാക്കുന്നതിനായി ഞാൻ മുന്നൂറോളം അഭിമുഖങ്ങൾ നടത്തിയിട്ടുണ്ട്, അവയിൽ പലതും ഇപ്പോൾ നമ്മോടൊപ്പമില്ലാത്ത നിർണായകസംഭാഷണക്കാരുമായിട്ടാണ്. പക്ഷേ, ഗാബോ നല്കിയില്ലെങ്കിൽ ഫിഡൽ കാസ്ട്രോയും ഫിലിപ്പെ ഗോൺസാലസും ഈ പട്ടികയിൽ ഉൾപ്പെടില്ലായിരുന്നുവെന്ന് എനിക്കറിയാം." ജറാൾഡ് മാർട്ടിൻ തുടരുന്നു: "ജീവചരിത്രകാരന്മാർ അനിവാര്യമായും സ്വപ്നം കാണുന്ന തരത്തിലുള്ള ഹൃദയസ്പർശിയായ ഹൃദയം എനിക്കു നൽകാൻ അദ്ദേഹം എപ്പോഴും വിസമ്മതിച്ചു, അത്തരം ഇടപെടൽ മര്യാദയില്ലാത്തതാണ്, എന്നിട്ടും ഞങ്ങൾ ഒരു മാസം മുഴുവൻ വ്യത്യസ്ത സമയങ്ങളിലും വ്യത്യസ്ത സ്ഥലങ്ങളിലും ഒരുമിച്ചു ചെലവഴിച്ചിരിക്കണം. പതിനേഴു വർഷം, സ്വകാര്യമായും പരസ്യമായും, അദ്ദേഹം എന്നോടു പറഞ്ഞ ചില കാര്യങ്ങൾ മറ്റ് കുറച്ചാളുകൾ കേട്ടിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. എന്നിട്ടും അദ്ദേഹം എന്നെ ഒരു തരത്തിലും സ്വാധീനിക്കാൻ ശ്രമിച്ചിട്ടില്ല, ഒപ്പം എപ്പോഴും പറഞ്ഞിട്ടുണ്ട്. പത്രപ്രവർത്തകന്റെ സംയോജിതധാർമികതയും സിനിസിസവും: നിങ്ങൾ കാണുന്നത് എഴുതുക; നിങ്ങൾ എന്ത് എഴുതിയാലും ഞാൻ അങ്ങനെയായിരിക്കും". ഗാബോയുടെ ജീവചരിത്രരചനയ്ക്കുവേണ്ടി ജറാൾഡ് മാർട്ടിൻ നടത്തിയ കഠിനയാതനകൾ അദ്ദേഹത്തിന്റെതന്നെ വാക്കുകളിൽ നിന്നു വ്യക്തമാണ്. ഈ ജീവചരിത്രം സ്പാനിഷ്ഭാഷയിൽ ഗവേഷണം ചെയ്തു, കൃതികൾ എല്ലാം സ്പാനിഷിൽ വായിച്ചു, മിക്ക അഭിമുഖങ്ങളും സ്പാനിഷ് ഭാഷയിൽ നടത്തി തയ്യാറാക്കിയതാണ്. എന്നിട്ടും ഇംഗ്ലീഷിൽ ഇത് എഴുതുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്പാനിഷ് വിവർത്തനം 2009 ൽ പുറത്തിറങ്ങി. കൂടാതെ, ഒരു ജീവചരിത്രം, പ്രത്യേകിച്ച് ആദ്യത്തെ സമ്പൂർണ ജീവചരിത്രം, ഉദ്ഭവരാജ്യവും വിഷയവും അറിയാവുന്നതും എല്ലാ ആശയവിനിമയത്തിന്റെയും ഏറ്റവും ചെറിയ സൂക്ഷ്മതകൾ മനസ്സിലാക്കുന്നതുമായ ഒരു സ്വദേശി എഴുതുന്നതാണ് കൂടുതൽ സാധാരണ നടപടിക്രമമെന്നു പറയാതെ വയ്യ. ജറാൾഡിന്റെ കാര്യം അങ്ങനെയല്ല. കൂടാതെ, ഗാർസിയ മാർക്വേസ് ഒരു അന്താരാഷ്ട്രവ്യക്തിയാണ്, ഒരു പ്രശസ്ത കൊളംബിയൻ മാത്രമല്ല. സംഭാഷണത്തിൽ ജറാൾഡിന്റെ പേര് ഒരിക്കൽ പരാമർശിച്ചപ്പോൾ നെടുവീർപ്പിട്ടു, 'ഓ, ശരി, ഞാൻ കരുതുന്നു ആത്മാഭിമാനമുള്ള എഴുത്തുകാരന് ഒരു ഇംഗ്ലീഷ് ജീവചരിത്രകാരൻ ഉണ്ടായിരിക്കണം'. ഗാബോ ജനിച്ച ഭൂഖണ്ഡത്തോടുള്ള ജറാൾഡിന്റെ വ്യക്തമായ ആജീവനാന്തസ്നേഹവും അടുപ്പവും മാത്രമായിരുന്നു മാർക്വേസിന്റെ കണ്ണിലെ ജറാൾഡിന്റെ ഒരേയൊരു ഗുണമെന്ന് ജറാൾഡ് സംശയിക്കുന്നു. വർഷങ്ങൾക്കുശേഷം, "പുസ്തകം നിലവിലുണ്ടെന്നും അതിന്റെ ആമുഖം ഞാൻ ഇവിടെ എഴുതുകയാണെന്നും എനിക്കു വിശ്വസിക്കാൻ കഴിയുന്നില്ല" എന്ന് അദ്ദേഹമെഴുതി. എപ്പോഴെങ്കിലും ഒരു വിഷയത്തിൽ ഒരാളുടെ ജീവിതത്തിന്റെ നാലിലൊന്നു നിക്ഷേപം മൂല്യമുള്ളതാണെങ്കിൽ, അത് ഗബ്രിയേൽ ഗാർസിയ മാർക്വേസിന്റെ അസാധാരണമായ ജീവിതവും പ്രവർത്തനവുമാകുമെന്നതിൽ ജറാൾഡ് മാർട്ടിനു സംശയമുണ്ടായിരുന്നില്ല.

■



ഡോ. ജോർജ് വർഗീസ്

# പല്ലെടുത്തശേഷം ഉണങ്ങാത്ത മുറിവ്

**ദന്തവിദഗ്ധന്റെ ഡയറിക്കുറിപ്പുകൾ 2**

**പ്രമുഖ ദന്തചികിത്സാവിദഗ്ധനായ ഡോ. ജോർജ് വർഗീസ് തന്റെ ദീർഘകാലത്തെ അനുഭവപരിചയത്തിൽനിന്നു തിരഞ്ഞെടുത്ത ചികിത്സാറിപ്പോർട്ടുകൾ. കോട്ടയം ഗവ. ദന്തൽകോളജ് പ്രിൻസിപ്പലും പുഷ്പഗിരി മെഡിക്കൽ കോളജ് ഡന്റൽവിഭാഗം മേധാവിയുമായിരുന്ന ഡോ. ജോർജ് വർഗീസ് ഇപ്പോൾ പുഷ്പഗിരിയിൽ ഓറൽ & മാക്സിലോ ഫേഷ്യൽ സർജനാണ്.**

**ബി.**എസ്.എൻ.എലിൽനിന്നു റിട്ടയർ ചെയ്ത 61 വയസ്സുകാരൻ ജെയിംസ് എന്നെ കാണാൻ വന്നത് ഭാര്യ സാറാമ്മയെയും കൂട്ടിയാണ്. ഒരു മാസം കഴിഞ്ഞിട്ടും കീഴ്ത്താടിയിലെ അണപ്പല്ലെടുത്തശേഷമുണ്ടായ മുറിവ് ഇപ്പോഴും ഉണങ്ങിയിട്ടില്ല. പരിശോധനയിൽ വലതുവശത്തെ കീഴ്താടിയിലെ അണപ്പല്ലാണ് എടുത്തിരിക്കുന്നത്. മുറിവ് പൂർണമായും ഉണങ്ങിയിട്ടില്ല എന്നു മാത്രമല്ല, മൂന്നാമത്തെ അണപ്പല്ലിന് അല്പം ഇളക്കവുമുണ്ട്. അദ്ദേഹത്തിന് പുകവലിയോ മദ്യപാനമോ വെറ്റിലമുറുക്കോ ഒന്നുമില്ല. മലയാളത്തിലെ ഒരു ചൊല്ലു പോലെ 'പച്ചവെള്ളം ചവച്ചിറക്കുന്നയാൾ.' ഒരു ഒ.പി.ജി. (താടിയെല്ലിനുള്ള പ്രത്യേകകരം എക്സ്റേ) വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹത്തിന് ഒരു മടിയും ഉണ്ടായിരുന്നില്ല. കൂടുതൽ സംശയങ്ങളും ചോദിച്ചത് ഭാര്യ സാറാമ്മയാണ്. ജെയിംസ് അദ്ദേഹത്തിന്റെ ഭയവും ആകുലതയും ഉള്ളിൽ ഒതുക്കുന്നതായി എനിക്കനുഭവപ്പെട്ടു. പുരുഷന്മാർ പൊതുവെ അങ്ങനെയാണല്ലോ. എന്നാൽ, ഭാര്യയ്ക്കുള്ള സംശയങ്ങൾ നിരവധിയായിരുന്നു. എന്നോളം പ്രായമുള്ള ജെയിംസിനോട് എനിക്കു പ്രത്യേക താത്പര്യം തോന്നി. ഒപിജി എക്സ്റേ എടുക്കാൻ പോയ അവർ അരമണിക്കൂറിനുള്ളിൽത്തന്നെ തിരികെവന്നു. ഒപിജിയിൽ കണ്ടത് എന്നെ അദ്ഭുതപ്പെടുത്തി. പല്ലെടുത്ത സ്ഥാനത്തു പുതിയ അസ്ഥി ഉണ്ടാകുന്നതിനുപകരം വളരെയേറെ അസ്ഥി ദ്രവിച്ചുപോയിരിക്കുന്നു. കൂടാതെ, പിറകിലുള്ള പല്ലിനു ചുറ്റുമുള്ള അസ്ഥിയും നഷ്ടപ്പെട്ടിരിക്കുന്ന കാഴ്ചയാണു കണ്ടത്. അസുഖം വിചാരിച്ചതിലും ഗുരുതരമാണെന്നെനിക്കു മനസ്സിലായി. പക്ഷേ, ഈ വിവരം അവരുടെ മുമ്പിൽ എങ്ങനെ അവതരിപ്പിക്കും എന്നതായിരുന്നു അപ്പോഴത്തെ പ്രശ്നം. രോഗസ്ഥിരീകരണത്തിനുള്ള പരിശോധന ബയോപ്സിയാണ്. ഞാൻ അതവരെ ധരിപ്പിച്ചു. അവർ മറുപടിയൊന്നും പറഞ്ഞില്ല. ഞാൻ പറഞ്ഞത് മനസ്സിലാകാത്തതാണെന്ന് എനിക്കു തോന്നി.

അതിനാൽ ഞാൻ തുടർന്നു:

"പേടിക്കാനൊന്നുമില്ല. പത്തു മിനിറ്റു നേരത്തെ കാര്യമേയുള്ളൂ. ലോക്കൽ അനസ്തേഷ്യ (കുത്തിവച്ചു മരവിപ്പിക്കുക)മതി."

തുടർന്നു സംസാരിച്ചത് സാറാമ്മയാണ്:

"ഡോക്ടർ, എന്റെ ഭർത്താവിന് കാൻസർ ആണോ?"

എന്നെ കുഴയ്ക്കുന്ന ചോദ്യമായിരുന്നു അത്. അതേയെന്നും അല്ലായെന്നും പറയാൻ കഴിയാത്ത അവസ്ഥ.

"ബയോപ്സിയാണ് രോഗനിർണയത്തിന് അന്തിമമായിട്ടുള്ള പരിശോധന." ഞാൻ പറഞ്ഞു.

കാര്യത്തിന്റെ ഗൗരവം അവർക്കു മനസ്സിലായെന്നു തോന്നുന്നു. ജെയിംസാണ് അതിനു മറുപടി പറഞ്ഞത്:

"ശരി ഡോക്ടർ, എന്നാൽ നാളെത്തന്നെ ബയോപ്സി എടുക്കാൻ ഞാൻ തയ്യാറാണ്."

കേട്ടപ്പോൾ എനിക്കും ആശ്വാസമായി. എന്നെ അവർ വിശ്വസിച്ചല്ലോ? അവരെ സമാധാനിപ്പിച്ചുകൊണ്ടു ഞാനവരെ യാത്രയാക്കി.

പിറ്റേദിവസം പറഞ്ഞ സമയത്തുതന്നെ അവർ വരികയും ബയോപ്സി പരിശോധന നടത്തുകയും ചെയ്തു (രോഗനിർണയത്തിനായി രോഗം ബാധിച്ച ഭാഗത്തെ കുറച്ചു കോശങ്ങൾ മുറിച്ചെടുത്തു ലാബിൽ പ്രോസസ് ചെയ്തു മൈക്രോസ്കോപ്പിലൂടെ പരിശോധിച്ചു രോഗനിർണയം നടത്തുകയെന്നുള്ളതാണ് ബയോപ്സി). സാധാരണ ബയോപ്സിയുടെ ഫലം അറിയാൻ ഒരാഴ്ചവരെ എടുക്കും. ഈ വസ്തുത ഞാൻ അവരെ അറിയിക്കുകയും ചെയ്തു. എന്നാൽ, മൂന്നാം ദിവസം മുതൽ ബയോപ്സിയുടെ ഫലം അറിയുവാനായി അവർ എന്നെ ഫോണിൽ ബന്ധപ്പെട്ടുകൊണ്ടിരുന്നു. ഉത്കണ്ഠയും ഭയവുമാണ് അവരെ ഇതിനു പ്രേരിപ്പിച്ചതെന്ന് എനിക്ക് പിന്നീട് മനസ്സിലായി. അഞ്ചാംദിവസം റിസൾട്ട് ലഭിച്ചു: 'Well differentiated squamous cell carcinoma' സാധാരണ വായിൽ വരാൻ സാധ്യതയുള്ള കാൻസറാണിത്. നല്ല വിദ്യാഭ്യാസമുള്ള അവരെ എങ്ങനെ പറഞ്ഞു മനസ്സിലാക്കണമെന്നുള്ളതായിരുന്നു എന്നെ അഭിമുഖീകരിച്ച ആദ്യത്തെ പ്രശ്നം. ബയോപ്സി റിപ്പോർട്ടനുസരിച്ചു പൂർണമായും ചികിത്സിച്ചു ഭേദമാക്കാൻ സാധിക്കുന്ന അസുഖമാണ്. എന്നിരുന്നാലും ഓപ്പറേഷനിലൂടെ കീഴ്ത്താടിയുടെ ഒരു വശം നീക്കം ചെയ്യണം. റേഡിയേഷനും വേണ്ടിവരും. അവരുടെ അപ്പോഴത്തെ മാനസികാവസ്ഥയിൽ ഈ വാർത്ത അവരെ തകർത്തുകളയുമെന്ന് എനിക്കുമനസ്സിലായി.

"ചെറിയൊരു പ്രശ്നമുണ്ട്," ഞാൻ പറഞ്ഞു.

"എന്താണ്?" സാറാമ്മയാണു ചോദിച്ചത്.

"വേറൊരു ഡോക്ടറെക്കൂടി കൺസൾട്ട് ചെയ്യുന്നതു നന്നായിരിക്കും." ഞാൻ അഭിപ്രായപ്പെട്ടു.

"ആരെയാണ്?"

"ഒരു ഓങ്കോളജിസ്റ്റിനെ" (ഒരു കാൻസർ സ്പെഷ്യലിസ്റ്റിനെയാണ് ഇനി കാണേണ്ടതെന്നു തെളിച്ചുപറയാൻ എനിക്കു മടി തോന്നി.)

എന്റെ സുഹൃത്തായ കാൻസർ സർജന് ഞാൻ ഒരു കത്ത് നല്കി അവരെ സമാധാനിപ്പിച്ചു യാത്രയാക്കി.

പോകുന്നതിനുമുമ്പ് അവരെ ഞാൻ ഓർമിപ്പിച്ചു:

"ഡോക്ടറെ കണ്ടശേഷം എന്നെ വിവരം അറിയിക്കണം കേട്ടോ."

എന്നാൽ പിന്നീട് അവർ എന്നെ ബന്ധപ്പെട്ടില്ല. ■





# അച്ഛൻ

കവിത

ഡോ. കെ.കെ. ശിവദാസ്

പട്ടാളത്തിൽനിന്നു പിരിഞ്ഞപ്പോൾ
അച്ഛനൊരെരുമയെ വാങ്ങി.
വീട്ടിലെ ചായ്പിൽ തണുത്തുകിടന്നു
അച്ഛന്റെ കാലുറകളും ബെൽറ്റും.
മക്കളോടെന്നതിനേക്കാൾ അച്ഛൻ
എരുമയോടു സംസാരിച്ചു.
പാട്ടത്തിനെടുത്ത പറമ്പുകളിൽ
എരുമയോടൊപ്പം സഞ്ചരിച്ചു.
പാടത്ത് എരുമയെ കെട്ടിയിട്ട്
അച്ഛൻ മടങ്ങിയപ്പോൾ
അത് അകലെ റോഡിലൂടെ
പോകുന്നവരെ നോക്കി കരഞ്ഞു.
അപരാഹ്നത്തിൽ അച്ഛനുമെരുമയും
വിദൂരമായ ഏതോ സ്വപ്നത്തെ
പിൻതുടർന്നു.
നോക്കാൻ വയ്യാതെ എരുമയെ
വിറ്റപ്പോൾ അച്ഛന്റെ മുഖം
ദുഃഖത്തിന്റെ കയത്തിൽപ്പെട്ടു.
പുലർച്ചയ്ക്കോ രാത്രിയിലോ
അമ്മയോട് ഹിന്ദി പറയുന്നതും
ടിവിയിൽ പഴയ സിനിമ
കാണുന്നതും നിന്നു.
ദൂരയാത്ര കഴിഞ്ഞ് രാത്രിവണ്ടിയിൽ
ഞാനെത്തുംമുമ്പ്
കാണാത്ത ദൂരത്തേക്ക് അച്ഛൻ
മറയുകയും ചെയ്തു.
നാടുതാണ്ടി നഗരം താണ്ടി
ഞാൻ വല്ലപ്പോഴും
വീട്ടിലെത്തുമ്പോളത്തെ
ചെറുചിരിമാത്രം
ചിത്രത്തിൽ ബാക്കിയായി.
ഇന്നിപ്പോൾ സ്റ്റേഷനെത്തുംമുമ്പ്
നിറുത്തിയിട്ട വണ്ടിയിലിരുന്ന്
അകലെയൊരെരുമയെ-
ക്കാണുമ്പോൾ
വല്ലാതെ കുളിരുന്നു നെഞ്ചകം.

# അടുത്തൂൺ

**ശ്രേഷ്ഠമലയാളം**



ഡോ. ഡേവിസ് സേവ്യർ

**പെ**ൻഷൻ എന്ന വാക്കിന് പഴയകാലത്ത് അടുത്തൂൺ എന്നു വ്യവഹരിച്ചിരുന്നു. അടുത്തൂൺപറ്റി എന്നതിന് സർക്കാർ ഉദ്യോഗത്തിൽനിന്നു വിരമിച്ചു എന്നർഥം. അടുത്തൂൺ എന്ന പ്രയോഗത്തെ ചിലർ 'അടിത്തൂൺ' എന്നാക്കാറുണ്ട്. അത് പരിനിഷ്ഠിതസ്വഭാവമില്ലാത്ത ഉച്ചാരണഭേദം മാത്രമാണ്. ശരിയായ രൂപം അടുത്തൂൺ എന്നുതന്നെ. അടുത്ത്+ഊൺ, സന്ധി ചെയ്യുമ്പോൾ അടുത്തൂൺ എന്നുകിട്ടും. സംവൃതോകാരം ലോപിച്ചാണ് ഇവിടെ മുൻ-പിൻ പദങ്ങൾ കൂടിച്ചേർന്നത്. ഉദ്യോഗകാലാവധി പൂർത്തിയാകുമ്പോൾ വിരമിക്കുന്ന വ്യക്തിക്കു ലഭിക്കുന്ന ജീവനാംശമാണ് അടുത്തൂൺ. ഇന്നതിന് പെൻഷൻ എന്നു പറയുന്നു. സർക്കാർ സേവനകാലാനന്തരം നല്കപ്പെടുന്ന പെൻഷൻ ആനുകൂല്യം എന്ന വിവക്ഷിതവും അടുത്തൂൺ എന്ന പദത്തിനുണ്ട്.

അടുത്തൂൺ എന്ന പ്രയോഗം നിഷ്പന്നമായതിന്റെ പിന്നിലെ ചരിത്രയുക്തി പ്രഫ. കുളത്തൂർ കൃഷ്ണൻ നായർ രേഖപ്പെടുത്തുന്നത് ഇങ്ങനെ: "മുൻകാലങ്ങളിൽ, ഇപ്പോഴത്തെപ്പോലെ ധാരാളം ജോലിസ്ഥലങ്ങളോ ഓഫീസുകളോ ഇല്ലാതിരുന്ന കാലങ്ങളിൽ, ദൂരെയൊക്കെപ്പോയി ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥർക്ക് താമസവും ഭക്ഷണവും അത്ര സന്തോഷകരമായിക്കാനിടയില്ല. അങ്ങനെ പ്രയാസം സഹിച്ചുകഴിഞ്ഞിരുന്നവർക്ക് പെൻഷൻകൊണ്ട് വരുമാനം കുറയുമെങ്കിലും സ്വന്തം വീട്ടിൽ താമസിക്കാനും ഇച്ഛാനുസരണം ഭക്ഷണം കഴിക്കാനും അവസരം ലഭിക്കുന്നു. അതാവും 'അടുത്ത് ഊൺ! ദൂരങ്ങളുടെ ക്ലേശം വിസ്മരിക്കാനുതകുന്ന അടുത്തുള്ള, സ്വന്തംനാട്ടിലും ഗൃഹത്തിലുമുള്ള, വാസവും ഭക്ഷണവും എന്നുതന്നെയായിരിക്കും ഈ പ്രയോഗത്തിന്റെ അർഥം."* ഒരു കാലത്ത് പ്രചാരത്തിലിരുന്ന 'അടുത്തൂൺ' പെൻഷൻ എന്ന ഇംഗ്ലീഷ്പദത്തിന്റെ വരവോടെ അപ്രത്യക്ഷമായി എന്നുതന്നെ പറയാം. ഉച്ചരിക്കാൻ എളുപ്പവും പറയുന്നതിൽ 'ഗമ'യും ഉള്ള പെൻഷന് വലിയ സ്വീകാര്യത ലഭിക്കുകയും ചെയ്തു.

* കൃഷ്ണൻനായർ, കുളത്തൂർ, പ്രൊഫ., തെറ്ററുത് മലയാളം, മനോരമ ബുക്സ്, കോട്ടയം, പുറം-41.

നേർമൊഴി



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# കുടിപ്പിച്ചുകൊല്ലുന്ന സർക്കാർ

**എ**ൽഡിഎഫ് സർക്കാരിന്റെ 2023-24 വർഷത്തെ മദ്യനയം കഴിഞ്ഞയാഴ്ച പ്രഖ്യാപിച്ചു. മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിലാണ് മദ്യനയം വ്യക്തമാക്കിയത്. എൽഡിഎഫ് സർക്കാരിന്റെ പൊതുനയം മദ്യവർജനമാണെങ്കിലും അതിനെ അട്ടിമറിക്കുന്ന തീരുമാനമാണ് മന്ത്രിസഭ സ്വീകരിച്ചത്. മദ്യത്തിന്റെ ലഭ്യത വർധിപ്പിക്കാനും എല്ലാവർക്കും മദ്യം എത്തിച്ചുകൊടുക്കാനുമുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു.





പുതിയ മദ്യനയത്തിന്റെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു: 1. കള്ളിനു പദവി വർധിപ്പിച്ച് പ്രചാരം നല്കുക. 'കേരള റ്റോഡി' എന്ന ബ്രാൻഡിൽ ചെത്തുകള്ളിന് അന്തസ്സ് വർധിപ്പിക്കുക. 2. നാടൻഷാപ്പുകളുടെ 'ഷേപ്പ്' മാറ്റി അതിനെ ഹൈടെക്ക് ആക്കുക. 3. മൂന്നോ അതിലധികമോ നക്ഷത്രങ്ങളുള്ള ഹോട്ടലുകളിലും റിസോർട്ടുകളിലും വിനോദസഞ്ചാരകേന്ദ്രങ്ങളിലും കള്ളിനു പ്രചാരം നല്കുക. മറ്റു വാക്കുകളിൽ ദേശീയമൃഗം, ദേശീയപക്ഷി, ദേശീയപുഷ്പം എന്നൊക്കെ പറയുന്നതുപോലെ കള്ളിനു ദേശീയപദവിയും ബഹുമാനവും കല്പിക്കുക 4.നാട്ടിൽ ലഭ്യമായ പഴവർഗങ്ങളിൽനിന്നു വീര്യംകുറഞ്ഞ മദ്യമുണ്ടാക്കി വില്പന വ്യാപകമാക്കുക 5. ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും പ്രാദേശികമായി കള്ള് ഉത്പാദിപ്പിച്ചു വില്ക്കാൻ അനുമതി ലഭ്യമാക്കുക. 6. ഐ.ടി. പാർക്കുകളിലെ നിശ്ചിതസ്ഥലങ്ങളിൽ മദ്യവില്പനശാലകൾ ബാങ്കുകളുടെ എ.ടി.എം.പോലെ ആരംഭിക്കുക 7. ബാറുകളുടെ ലൈസൻസ് തുക 30 ലക്ഷത്തിൽനിന്ന് 35 ലക്ഷമാക്കി ഉയർത്തുക 8. ക്ലബുകളിലും മറ്റു വിരുന്നുകളിലും മദ്യസൽക്കാരത്തിനു ലൈസൻസ് തുക അമ്പതിനായിരത്തിൽനിന്ന് രണ്ടു ലക്ഷമാക്കി മാറ്റുക 9. ഇപ്പോൾ തുറന്നുപ്രവർത്തിക്കുന്ന മദ്യവില്പനശാലകൾ 309 മാത്രമാണ്. 559 എണ്ണത്തിന് അനുമതിയുള്ളതാണ്. എത്രയുംവേഗം മുഴുവൻ കേന്ദ്രങ്ങളിലും മദ്യവില്പന നടത്തുക. നാടിന് ആഹ്ലാദകരമായ ഈ വികസനനയങ്ങൾ വിശദീകരിക്കുന്നതിൽ എക്സൈസ് മന്ത്രി എം.ബി. രാജേഷ് ഊർജസ്വലതയോടെ സഹകരിച്ചു.

പുറമേ പ്രൗഢി കാണിക്കുന്നുണ്ടെങ്കിലും സർക്കാർ കടുത്ത സാമ്പത്തികഞെരുക്കത്തിലാണ്. എന്നുകരുതി ധൂർത്തിനു കുറവുവരുത്തി ഖജനാവിനു ക്ഷീണമാണെന്നു നാട്ടുകാരെ അറിയിക്കാൻ താത്പര്യവുമില്ല. കടംവാങ്ങിയും എല്ലാക്കാര്യങ്ങളും ആഘോഷമാക്കും. കടം ഇനി കിട്ടാനില്ല. വായ്പയുടെ എല്ലാ പരിധികളും പിന്നിട്ടു. നികുതി കൂട്ടാനാവുകയില്ല. കഴുത്തറുപ്പൻ നികുതിയാണ് ഇപ്പോൾത്തന്നെ പിടിച്ചുവാങ്ങുന്നത്. പിന്നെ ഒരേ ഒരു മാർഗം മദ്യപാനം പ്രോത്സാഹിപ്പിക്കുക എന്നതാണ്. സംസ്ഥാനത്തെ ഏറ്റവും വലിയ ലാഭക്കച്ചവടം മദ്യത്തിന്റേതാണെന്നു മന്ത്രിമാർക്കറിയാം. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ 41.69 കോടി ലിറ്റർ വിദേശമദ്യം കേരളത്തിൽ വിറ്റു. അതിൽനിന്നു ലഭിച്ചത് 31911 കോടി രൂപയാണ്. ഇതേ കാലയളവിൽ ബിയറും വൈനും വിറ്റ വകയിൽ വെബ്കോയ്ക്കു ലഭിച്ചത് 3050 കോടിയത്രേ. രണ്ടുംകൂടിച്ചേരുമ്പോൾ 34961 കോടി. ഇതിൽനിന്നു നികുതിയിനത്തിൽ സർക്കാരിനു കിട്ടിയത് 24540 കോടി രൂപ. ഈ വരുമാനം നിലച്ചാൽ സർക്കാർ വീഴും. മദ്യനയം ഉദാരമാക്കിയതിന്റെ സാമ്പത്തികശാസ്ത്രം നാട്ടുകാർക്കു ബോധ്യമായല്ലോ.

വലിയ സമരങ്ങളും ട്രേഡ്യൂണിയൻ ശല്യങ്ങളുമില്ലാതെ സാമാന്യം പ്രഫഷണൽ എന്നു പറയാവുന്ന രീതിയിൽ നടക്കുന്ന തൊഴിൽമേഖല ഐ.ടി. പാർക്കുകളാണ്. അതും നശിപ്പിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. ഭേദപ്പെട്ട ശമ്പളമുള്ളവരാണ് ഐ.ടി. മേഖലയിലുള്ളവർ. അവരുടെ പണം കൊള്ളയടിക്കുക എന്ന ലക്ഷ്യത്തോടെയാണ് അവിടെ മദ്യവില്പനശാല തുടങ്ങുന്നത്.

മദ്യപാനത്തെയും അതിന്റെ ആഘാതങ്ങളെയും സംബന്ധിച്ചു പഠിച്ച ഡോ. വിനയകുമാർ കമ്മിറ്റി സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിൽ ഞെട്ടിക്കുന്ന വിവരങ്ങളുണ്ട്. കേരളത്തിൽ 80 ലക്ഷം പേർ മദ്യപിക്കുന്നവരാണ്. അതിൽ ആറു ലക്ഷം പേർ ചികിത്സ ആവശ്യമുള്ളവരാണ്. കേരളത്തിലെ പുരുഷന്മാർ 38.7 ശതമാനംപേർ തരംകിട്ടിയാൽ കുടിക്കുന്നവരാണ്. ഇതിൽ 40 ശതമാനം പേർ അമിതമായി മദ്യപിക്കുന്നു. 13 ശതമാനം പേർക്കു മദ്യമില്ലാതെ ജീവിക്കാനാവുകയില്ല. സ്ത്രീകളിൽ 3.8 ശതമാനംപേർ മദ്യപിക്കുന്നതായാണ് കണക്ക്.

തൊഴിലുള്ളവരും തൊഴിലില്ലാത്തവരും ഏതാണ്ട് ഒരുപോലെ മദ്യപിക്കുന്നവരാണ്. രണ്ടു കൂട്ടരും 28 ശതമാനം വീതം. കൂലിപ്പണിക്കാർ 45.5 ശതമാനവും സ്വകാര്യമേഖലയിലുള്ളവർ 32.47 ശതമാനവും മദ്യപിക്കുന്നു.

എന്താണ് ഇതിനൊരു പരിഹാരം? സർക്കാരിനെ പഴിച്ചിട്ടോ മദ്യശാലകൾ ഉപരോധിച്ചിട്ടോ പ്രയോജനമില്ലെന്നു കാലം തെളിയിച്ചതാണ്. സംഘടിതമതങ്ങൾ അതീവഗൗരവത്തോടെ ഈ പ്രശ്നം ബോധവത്കരണത്തിനു വിഷയമാക്കുകയാണ് പ്രധാന പോംവഴി. ഉടനടി ഫലമുണ്ടായില്ലെങ്കിലും കാലക്രമത്തിൽ മാറ്റമുണ്ടാകും. പൊതുപ്രസംഗങ്ങളെക്കാൾ പ്രയോജനകരം വിദഗ്ധരായ ഡോക്ടർമാരുടെയും ആരോഗ്യപ്രവർത്തകരുടെയും ക്ലാസ്സുകളാണ്. ■



ഫാ. തോമസ് പാട്ടത്തിൽചിറ CMF

7

# പ്രാർഥന

കുടുംബവിളക്ക്

**പ്രാ**ർഥനയെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. ക്രൈസ്തവകുടുംബം ജപവിചാരമുള്ള ഇടമായിരിക്കണം. ഭവനാംഗങ്ങൾ എല്ലാവരും



ഒന്നിച്ച് നിശ്ചിതസമയത്തുള്ള പ്രാർഥന അവരുടെ ദിനചര്യകളിൽ പ്രഥമമായിരിക്കണം. സൗകര്യപ്രദമായ ഒരു സമയം അതിനായി മാറ്റിവയ്ക്കണം. ഓർക്കണം, ഒന്നും ചെയ്യാനില്ലാത്തപ്പോൾ ചെയ്യേണ്ട ഒന്നല്ല പ്രാർഥന. പിന്നെയോ, ഒത്തിരി ക്കാര്യങ്ങൾ ചെയ്യാനുള്ളപ്പോൾ ഒന്നാമതായി ചെയ്യേണ്ട ഒന്നാണത്. 'പവർക്കട്ടില്ലെങ്കിൽ പ്രാർഥനയില്ല' എന്ന ദുരവസ്ഥ ക്രൈസ്തവകുടുംബങ്ങളിൽ ഉണ്ടാകരുത്. പ്രഭാതത്തിലും പ്രദോഷത്തിലും കൂട്ടപ്രാർഥന നടത്തുന്ന കുടുംബങ്ങളുണ്ട്. സന്ധ്യാജപമെങ്കിലും മുടക്കം കൂടാതെ നാം ചൊല്ലണം. ഇക്കാര്യത്തിൽ മാതാപിതാക്കൾതന്നെയാണ് മുൻകൈ എടുക്കേണ്ടതും മാതൃക കാട്ടേണ്ടതും. 'പ്രാർഥിച്ചില്ലെങ്കിൽ കഞ്ഞിയില്ല' എന്നു നിഷ്കർഷിച്ചിരുന്ന കാരണവന്മാരെ പുതുതലമുറ മറക്കരുത്. ഒരുമിച്ചിരുന്നു പ്രാർഥിക്കുന്ന കുടുംബം കുറേപ്പേർ ഒന്നിച്ചു തുഴഞ്ഞുനീങ്ങുന്ന വഞ്ചിപോലെ ആയിരിക്കും. അവിടെ പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടായിരിക്കില്ല എന്നല്ല, ചിലപ്പോൾ കൂടുതലായിരിക്കും. പക്ഷേ, അവയെ അതിജീവിക്കാൻ അവർക്ക് അനായാസം കഴിയും. കാരണം, പ്രാർഥനയുടെ പങ്കായം അവരുടെ കൈയിലുണ്ട്. ഭവനാംഗങ്ങൾ ഏകസ്വരത്തിൽ പ്രാർഥിച്ച് ദൈവത്തെ മഹത്ത്വപ്പെടുത്തുമ്പോൾ ആ കുടുംബം സ്വർഗസമാനമായി മാറുകയാണ്. ദിവ്യമായ ഒരു ആനന്ദം അവിടെയുണ്ടാകും. പ്രയത്നങ്ങൾക്കുള്ള സമയം പാഴാക്കലല്ല പ്രാർഥന; മറിച്ച്, പ്രയത്നങ്ങൾ പൂപ്പലുപിടിച്ച് പാഴായിപ്പോകാതിരിക്കാനുള്ള ചേരുവയാണ്. കുടുംബവൃക്ഷത്തിന്റെ അതിജീവനത്തിനുള്ള ആഹാരമായിരിക്കട്ടെ പ്രാർഥന. ക്രിസ്തീയകുടുംബങ്ങൾ പ്രാർഥനാകൂടാരങ്ങളായി മാറണം. ജപമുഖരിതമായ കുടുംബാന്തരീക്ഷത്തിൽനിന്ന് ജഡികാസക്തികളും സാത്താന്റെ സേനകളും പലായനം ചെയ്യും. കുടുംബത്തെ പ്രത്യാശയിലേക്കു നയിക്കുന്ന പ്രകാശവും പ്രേരകശക്തിയുമാണ് പ്രാർഥന. പ്രാർഥനയ്ക്ക് പഞ്ഞമില്ലാത്ത ഇടമാകട്ടെ നമ്മുടെ കുടുംബം.

*"പ്രാർഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ" (മർക്കോ. 11:24)*

Deepanalam Weekly
RNI No : 16998/68
Vol. 56 No. 23 Date of Publication 3 August 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

# ANGEL GERMAN LANGUAGE INSTITUTE
## KADANAD - PALA


Herr Holger Schlumpp
പ്രധാനാധ്യാപകൻ

**ജർമ്മനിയിൽ വിവിധ കോഴ്സുകൾ പഠിക്കാൻ സുവർണാവസരം!**


Frau Elisabeth Brauner
ഓൺലൈൻ ടീച്ചർ

B2 എഴുതി പരാജയപ്പെട്ടോ? നിരാശപ്പെടേണ്ട! B2 പഠിക്കാൻ ഏറ്റവും നല്ല ജർമ്മൻ ഭാഷാ സെന്റർ അന്വേഷിക്കുന്നവരാണോ നിങ്ങൾ? അതിന്റെ കൂടെ ജർമ്മൻസംസ്കാരവും ആതിഥ്യമര്യാദകളും ജീവിതരീതികളും കൂടി പഠിക്കാൻ അവസരം കിട്ടിയാലോ? അതും ഒറിജിനൽ ജർമ്മൻ അധ്യാപകർ പഠിപ്പിക്കുകകൂടി ചെയ്താലോ?



ജർമ്മനിയിൽ അനേകവർഷത്തെ ജീവിതപരിചയമുള്ള MST വൈദികരാൽ നയിക്കപ്പെടുന്ന ഈ ഇന്റൻസീവ് കോഴ്സിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ബുക്കിങ്ങിനും മറ്റു വിവരങ്ങൾക്കുമായി താഴെക്കൊടുത്തിരിക്കുന്ന നമ്പരിൽ ബന്ധപ്പെടുക. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം.

**Mob: 8301994826**

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
## മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# "തോമാശ്ലീഹായും ഭാരതവും"
## ഇപ്പോൾ വില്പനയിൽ




ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വർഷം പ്രമാണിച്ച് പ്രസിദ്ധീകൃതമായ ശ്ലീഹായെക്കുറിച്ചുള്ള ഒരു ലഘുഗ്രന്ഥം.

സുവിശേഷങ്ങളിലെ തോമാശ്ലീഹാ, തോമാശ്ലീഹായുടെ ഭാരതപ്രവേശം, കേരളത്തിലെ പ്രേഷിതപ്രവർത്തനങ്ങൾ, ഏഴരപ്പള്ളികളുടെ ചരിത്രപശ്ചാത്തലം, തോമാശ്ലീഹായുടെ മരണവും രക്തസാക്ഷിത്വവും, മാർത്തോമാക്രിസ്ത്യാനികൾ തുടങ്ങി ശ്ലീഹായുടെ പ്രേഷിതപ്രവർത്തനങ്ങളെ അടുത്തറിയാൻ ഉപകരിക്കുന്ന ഒരു കൃതി.

മാർത്തോമാശ്ലീഹായുടെ പാദസ്പർശത്താൽ ചരിത്രസ്മാരകമായി മാറിയ നിരവധി പുണ്യസങ്കേതങ്ങളുടെ ചിത്രങ്ങൾ ഈ കൃതിയുടെ മാറ്റു വർദ്ധിപ്പിക്കുന്നു. കുട്ടികൾക്കു സമ്മാനം നല്കാനും സൂക്ഷിച്ചുവയ്ക്കാനും ഉപകരിക്കുന്ന ഉത്തമഗ്രന്ഥം.



ഗ്രന്ഥരചന : ലീലാമ്മ മാത്യു കുറുമുണ്ടയിൽ, ചേർപ്പുങ്കൽ
പ്രസാധനം : ലെസ്‌ലി ബുക്സ്, പാലാ. PH. 9447021364
വില : 50 രൂപാ

കോപ്പികൾക്ക് :
1. സെന്റ് തോമസ് പ്രസ്ബുക്സ്റ്റാൾ, പാലാ
2. ജീവൻബുക്സ്, ഭരണങ്ങാനം
3. മാർ സ്ലീവാ ചർച്ച് സ്റ്റാൾ, ചേർപ്പുങ്കൽ പള്ളി
4. അൽഫോൻസാ ബുക്സെന്റർ, ടൗൺഹാൾ, പാലാ
5. സിൻസിയർ ബുക്സ്, ടൗൺഹാൾ, പാലാ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ - റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

# S.H.സ്കൂൾ ഓഫ് മെഡിക്കൽ സയൻസ്

H.O. നാഗമ്പടം
ബസ് സ്റ്റാന്റിനു സമീപം,
കോട്ടയം

PH: 99462 999 68
99462 999 78

ബ്രാഞ്ച് : സിവിൽസ്റ്റേഷന് എതിർവശം,
ചെറുപുഷ്പം ടവർ &
സെന്റ് മേരീസ് കോളജ് ബിൽഡിംഗ് , പാലാ

**എളുപ്പം ജോലി ലഭിക്കാൻ പാരാമെഡിക്കൽ ഡിപ്ലോമാ, ഡിഗ്രി കോഴ്സുകൾ**

LAB, X-Ray,
CT, MRI, ANM,
Ayurveda nursing
Radiology

DMLT, BVoc MLT,
BSc RIT, BSc MLT,
DRIT, BVoc RIT

പ്രമുഖ ഹോസ്പിറ്റലുകളിലും
മെഡിക്കൽ കോളേജുകളിലും
സ്കാനിംഗ് സെന്ററുകളിലും
ലാബുകളിലും പരിശീലനം

GDA COURSE (Care Giver Course - 3 Months) കേരളസർക്കാർ ASAP ▪ Paliative Care (MG University)

ഹോസ്റ്റൽ സൗകര്യം, ബസ് കൺസഷൻ, യൂണിഫോം, കുറഞ്ഞ ഫീസ് & Excellent Coaching

അഡ്മിഷൻ തുടരുന്നു

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org